# തിരുഹൃദയ മാസിക

(Sacred Heart Monthly)

**Vol. 83**
**2018 June**

**83**
Years of
Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press
Building
K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

- സർക്കുലറുകൾ
- അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
  ചൈതന്യ
  ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
  തൂവാനിസ പ്രോഗ്രാം
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  ബൈബിൾ കമ്മീഷൻ
  വിശ്വാസപരിശീലന കമ്മീഷൻ
  കരിസ്മാറ്റിക് കമ്മീഷൻ
  ഫാമിലി കമ്മീഷൻ
- പയസ് അസോസിയേഷൻസ്
  കെ.സി.വൈ.എൽ.
- കാർട്ട്
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
  ജി.ഡി.എസ്.
- കെ.സി.ഡബ്ല്യു.എ
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- പൗരോഹിത്യ ആദ്ധ്യാത്മികത:
  സുവിശേഷ വിചിന്തനങ്ങൾ
- പൊതുവാർത്തകൾ

**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 221
**Centenary- Catholic Congress**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:01-05-2018

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

സീറോ മലബാർ സഭയുടെ അൽമായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിന്റെ ശതാബ്ദിയാഘോഷങ്ങൾ മെയ് 11 മുതൽ 14 വരെ വിപുലമായ പരിപാടികളോടെ തൃശൂരിൽ സംഘടിപ്പിക്കുകയാണ്. സഭയോടു ചേർന്നു നിന്ന് സമകാലിക സമൂഹത്തിന്റെയും കാലഘട്ടത്തിന്റെയും ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ഐക്യത്തോടെ, സംഘടിതമായും ക്രിയാത്മകമായും പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യുകയെന്നതാണ് ഈ സംഘടനയുടെ പ്രവർത്തന ശൈലി.

കത്തോലിക്കാ കോൺഗ്രസ്സിന്റെ പൊതുവായ പ്രവർത്തനങ്ങളിൽ കഴിഞ്ഞ 80 വർഷങ്ങളായി നമ്മുടെ അതിരൂപതയുടെ അൽമായ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് സജീവ സഹകരണത്തോടെ പ്രവർത്തിച്ചു വരുന്നു. കത്തോലിക്കാ കോൺഗ്രസ്സിന്റെ ശതാബ്ദി ആഘോഷ പരിപാടികളിൽ പ്രത്യേകിച്ച് മെയ് 13 ഞായറാഴ്ച തൃശൂരിൽ നടക്കുന്ന അൽമായ സംഗമത്തിൽ കെ.സി.സിയുടെ നേതൃത്വത്തിൽ കഴിയുന്നത്ര പ്രതിനിധികൾ നമ്മുടെ അതിരൂപതയിൽ നിന്നും പങ്കെടുക്കുമല്ലോ.

കത്തോലിക്കാ കോൺഗ്രസ്സിന്റെ ശതാബ്ദി ആഘോഷങ്ങളും കെ.സി.സിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളും ഫലപ്രാപ്തിയിലെത്തിക്കുവാൻ എല്ലാ വൈദികരും സമർപ്പിതരും അൽമായ സഹോദരങ്ങളും സഹകരണവും പ്രോത്സാഹനവും നൽകേണ്ടതാണ്.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലറിലെ വിവരങ്ങൾ മെയ് മാസം 6-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും അറിയിക്കേണ്ടതാണ്.

Circular No.222
First Death Anniversary
Mar Kuriakose Kunnacherry

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:15-05-2018

പ്രിയ ബഹു. അച്ചാ, ബഹു. ദൈവജനമേ,

കോട്ടയം അതിരൂപതയ്ക്കും ക്നാനായ സമുദായത്തിനും ശക്തമായ നേതൃത്വവും ദിശാബോധവും നൽകി വളർച്ചയുടെ പാതയിൽ ഈ സമുദായത്തെയും അതിരൂപതയെയും ദീർഘകാലം നയിച്ച അഭിവന്ദ്യ കുന്നശ്ശേരി പിതാവ് കാലയവനികയ്ക്ക് പിന്നിൽ മറഞ്ഞിട്ട് ഈ ജൂൺ മാസം 14-ാം തീയതി ഒരു വർഷം പൂർത്തിയാവുകയാണല്ലോ. അഭിവന്ദ്യ പിതാവിലൂടെ ദൈവം നമ്മുടെ അതിരൂപതയ്ക്കും ക്നാനായ സമുദായത്തിനും സഭ മുഴുവനും നൽകിയ നന്മകളെ നന്ദിയോടെ ഓർക്കുന്നതോടൊപ്പം പിതാവ് തെളിച്ച പാതയിലൂടെ ക്നാനായ സമുദായത്തെയും നമ്മുടെ അതിരൂപതയെയും പുരോഗതിയുടെ വഴിത്താരയിൽ നയിക്കുവാൻ പിതാവിന്റെ പ്രാർത്ഥനകൾ നമുക്ക് സഹായകമാകട്ടെ.

നമ്മുടെ മനസ്സുകളിൽ ഇന്നും ജീവിക്കുന്ന അഭിവന്ദ്യ കുന്നശ്ശേരി പിതാവിന്റെ സജീവ സ്മരണ വരും തലമുറകൾക്കു പ്രചോദനമാകത്തക്കവിധത്തിൽ പിതാവിന്റെ ഇടവകയായ കടുത്തുരുത്തിയിൽ മാർ കുര്യാക്കോസ് കുന്നശ്ശേരി മെമ്മോറിയൽ ക്നാനായ മ്യൂസിയം നിർമ്മിക്കുന്നതിനും പിതാവിന്റെ പ്രഥമ മരണവാർഷിക ദിനമായ ജൂൺ 14-ാം തീയതി വൈകുന്നേരം 5 മണിക്ക് അതിന്റെ ശിലാസ്ഥാപനം നടത്തുന്നതിനും നാം തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ചൈതന്യ പാസ്റ്ററൽ സെന്ററിനോട് അനുബന്ധിച്ച് നിർമ്മിതമായിരിക്കുന്ന ഓഡിറ്റോറിയത്തിന് അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ

നിർദ്ദേശ പ്രകാരം 'മാർ കുര്യാക്കോസ് കുന്നശ്ശേരി ഓഡിറ്റോറിയം' എന്ന് നാം നാമകരണം ചെയ്യുകയുണ്ടായി.

പൊതുസമൂഹത്തിന്റെ നന്മയിൽ അത്യന്തം തൽപരനായിരുന്ന അഭിവന്ദ്യ കുന്നശ്ശേരി പിതാവിന്റെ മരണവാർഷികത്തോടനുബന്ധിച്ച് കോട്ടയം ജില്ലാ ആശുപത്രിയിൽ എത്തുന്ന രോഗികളുടെ സൗകര്യാർത്ഥം ആധുനിക സൗകര്യങ്ങളോടു കൂടിയ രണ്ട് മൊബൈൽ വാഗണുകൾ അതിരൂപതയിൽ നിന്നും നൽകുന്നതാണ്.

അഭിവന്ദ്യ കുന്നശ്ശേരി പിതാവിനോടുള്ള നമ്മുടെ സ്നേഹത്തിന്റെയും കൃതജ്ഞതയുടെയും അടയാളമായി പിതാവിന്റെ ആത്മാനുകൂലാർത്ഥം ഈ ജൂൺ മാസം 13-ാം തീയതി ബുധനാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും വിശുദ്ധ കുർബ്ബാനയും ഒപ്പീസും പള്ളിചെലവിൽ നടത്തേണ്ടതാണ്.

പിതാവിന്റെ പ്രഥമ മരണവാർഷികദിനമായ 2018 ജൂൺ 14-ാം തീയതി രാവിലെ 10.30 ന് നമ്മുടെ ക്രിസ്തുരാജാ കത്തീഡ്രൽ ദൈവാലയത്തിൽ സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലിയും ഒപ്പീസും തുടർന്ന് ബി.സി.എം കോളേജ് ഓഡിറ്റോറിയത്തിൽ അനുസ്മരണ പ്രാർത്ഥനയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഈ സമൂഹബലിയിൽ പങ്കെടുക്കണമെന്ന് ആഗ്രഹിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നു. കൂടാതെ ഈ വിശുദ്ധ കുർബ്ബാനയിലും സ്നേഹവിരുന്നിലും അതിരൂപതയിൽ ഇപ്പോൾ നിലവിലുള്ള പാസ്റ്ററൽ കൗൺസിലിലെ എല്ലാ അംഗങ്ങളും, സമർപ്പിത സമൂഹങ്ങളിലെ സുപ്പീരിയർ ജനറൽമാരും കൗൺസിലേഴ്സും, അംഗീകരിക്കപ്പെട്ട സംഘടനകളുടെ അതിരൂപതാ ഭാരവാഹികളും, എല്ലാ ഇടവകയിലെയും കൈക്കാരന്മാരും കണക്കനും ദൈവാലയ ശുശ്രൂഷിയും സമർപ്പിത സമൂഹത്തിന്റെ ഒരു പ്രതിനിധിയും പങ്കെടുക്കേണ്ടതാണ്.

ഈ ഭൂമിയിൽ നമ്മെ അവസാനം വരെ സ്നേഹിക്കുകയും തന്റെ ജീവിതം നമുക്കായി ഹോമബലിയായി അർപ്പിക്കുകയും ചെയ്ത അഭിവന്ദ്യ കുന്നശ്ശേരി പിതാവ് ദൈവസന്നിധിയിൽ നമുക്കെന്നും ഉറപ്പുള്ള സങ്കേതവും ശക്തനായ മദ്ധ്യസ്ഥനുമായി വർത്തിക്കട്ടെ. അഭിവന്ദ്യ പിതാവിന്റെ ദീപ്ത സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്,

സസ്നേഹം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ മെയ് 27-ാം തീയതി ഞായറാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

Circular No.223
**WORLD MEDIA DAY 2018**

Catholic Metropolitan’s House
P.B. No. 71, Kottayam
Kerala, India-686001

Date:20-05-2018

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

2018 ജൂൺ 3 ഞായറാഴ്ച സമ്പർക്ക മാധ്യമദിനമായി ആഗോള സഭ ആചരിക്കുമ്പോൾ മിശിഹായിലുള്ള വിശ്വാസവും രക്ഷയും മാധ്യമങ്ങളിലൂടെ ലോകം മുഴുവനിലും എത്തിക്കാനുള്ള ഉത്തര വാദിത്വം തിരുസഭ നമ്മെ ഓർമ്മപ്പെടുത്തുകയാണ്. സമ്പർക്ക മാധ്യ മങ്ങളുടെ അനന്തമായ സാധ്യതകളെ സഭാ ദൗത്യനിർവ്വഹണത്തിന് പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് സഭയുടെ ലക്ഷ്യം.

വാർത്താവിനിമയം നമ്മെക്കുറിച്ചുള്ള ദൈവിക പദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപര മായ മാർഗ്ഗവുമാണ്. നമ്മൾ സൃഷ്ടാവിന്റെ ഛായയിലും സാദൃശ്യ ത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദ രവുമായതെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ നമുക്ക് സാധി ക്കണം. നമ്മുടെ അനുഭവങ്ങളെയും നമുക്ക് ചുറ്റുമുള്ള ലോക ത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപ രമായ ഓർമ്മയും ധാരണയും സൃഷ്ടിക്കുവാൻ നമുക്ക് കഴിയും.

ഈ വർഷത്തെ മാധ്യമദിനസന്ദേശമായി പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ നൽകുന്നത് “സത്യം നിങ്ങളെ സ്വതന്ത്രരാക്കും” (യോഹ 8:32) എന്ന സുവിശേഷ വാക്യമാണ്. സത്യമറിയാനും അത് ശരി യായ രീതിയിൽ ജനത്തെ അറിയിക്കാനുമുള്ള ധാർമ്മിക ഉത്തരവാ ദിത്വമാണല്ലോ മാധ്യമങ്ങൾക്കുള്ളത്. പക്ഷേ, ഇന്നാകട്ടെ വ്യാജ

വാർത്തകളും വളച്ചൊടിച്ച വാർത്തകളും സമൂഹത്തിന്റെ സമാധാന അന്തരീക്ഷത്തെ കലുഷിതമാക്കുന്നുണ്ട്. സത്യാന്വേഷണമാണ് മാധ്യമ പ്രവർത്തനത്തിന്റെ കാതൽ. അറിയാനുള്ള അവകാശവും അറിയിക്കാനുള്ള കടമയും ഒരേ പോലെ കാത്തുസൂക്ഷിക്കപ്പെടേണ്ടതാണ്.

ഈ കാലഘട്ടത്തിൽ ആശയവിനിമയത്തിനുള്ള മനുഷ്യന്റെ വാസന അവൻ നവമാധ്യമങ്ങളിലൂടെ തെറ്റായി ഉപയോഗിക്കുന്ന പ്രവണത കൂടി വരുന്നു. അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും സ്വന്തം പേരിന് വേണ്ടിയും പലരും നവമാദ്ധ്യമങ്ങളിലൂടെ സത്യത്തെ അവ്യക്തമാക്കിയോ അസത്യമാക്കിയോ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുമ്പോൾ സാധാരണക്കാരായ ജനങ്ങൾ അസത്യങ്ങൾ സത്യങ്ങളായി വിശ്വസിക്കുന്നു. നിമിഷ നേരം കൊണ്ട് വാർത്തകൾ പ്രചരിപ്പിക്കാവുന്ന ഈ കാലഘട്ടത്തിൽ വ്യക്തികളെക്കുറിച്ചും സഭയേയും രൂപതയേയും കുറിച്ചും തെറ്റിദ്ധാരണ ജനിപ്പിക്കുന്ന വാർത്തകൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർ ഉല്പത്തി പുസ്തകത്തിലെ തന്ത്രശാലിയായ പാമ്പിന്റെ പിൻതുടർച്ചക്കാരായി മാറുകയാണ്. സത്യത്തെ വളച്ചൊടിച്ച് ആദ്യമാതാപിതാക്കളെ തെറ്റിദ്ധരിപ്പിച്ച് ഭൂമുഖത്ത് തിന്മയുടെ വിത്ത് പാകിയ 'നുണയുടെ പിതാവ്' ചില വ്യക്തികളിലൂടെയും പ്രസ്ഥാനങ്ങളിലൂടെയും ഇന്നും ഈ വ്യാജവാർത്തയുടെ പ്രചരണം തുടർന്നുകൊണ്ടിരിക്കുന്നു എന്ന വസ്തുത പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

നമ്മൾ എങ്ങനെ വ്യാജവാർത്തകളെ തിരിച്ചറിയുകയും തെറ്റിദ്ധരിപ്പിക്കപ്പെടാതിരിക്കുകയും ചെയ്യും ? തെറ്റിന്റെ രോഗാണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യം കൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുവിന്റെ അനുയായികളായ നമുക്ക് സത്യം എന്നത് കേവലം സങ്കല്പപരമായ യാഥാർത്ഥ്യമല്ല മറിച്ച്, സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന ഒന്നാണ്. വാർത്തകളുടെ സത്യം അല്ലെങ്കിൽ നിജസ്ഥിതി അറിയുവാനും വിമർശന

ബുദ്ധിയോടെ അതിനെ വിശകലനം ചെയ്യുവാനും നമുക്ക് കഴിയണം. "ഞാനാണ് സത്യം" എന്ന് പ്രഘോഷിച്ചയേശുനാഥൻ നൽകിയ സുവിശേഷ മൂല്യങ്ങൾ ഇതിന് നമ്മെ സഹായിക്കും.

അബദ്ധങ്ങൾക്കെതിരായുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമരതന്ത്രങ്ങളല്ല മറിച്ച് വ്യക്തികളാണെന്ന് ഫ്രാൻസിസ് മാർപ്പാപ്പ ഈ വർഷത്തെ മാധ്യമദിന സന്ദേശത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ശരിയായ വാർത്തകൾ നൽകുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നൽകുകയെന്ന ജോലി ചെയ്യുന്നവർക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. അവരുടേത് ഒരു ജോലി മാത്രമല്ല മറിച്ച് ഒരു ദൗത്യം കൂടിയാണ്. മറ്റുള്ളവർക്ക് അറിവു പകരുകയെന്നതിന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുകയും ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട് വാർത്തകളുടെ കൃത്യത ഉറപ്പുവരുത്തുന്നതും നന്മയെ വളർത്തുന്നതും വിശ്വാസ്യത ജനിപ്പിക്കുന്നതും കൂട്ടായ്മ വളർത്തുന്നതുമായിരിക്കണം മാധ്യമ ധർമ്മം. നമ്മുടെ അതിരൂപതയിലെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ ചെയ്യുന്ന മാധ്യമ ശുശ്രൂഷകൾ സ്തുത്യർഹമാണ്. അപ്നാദേശും തിരുഹൃദയമാസികയും കൂടുതൽ ആളുകളിലേക്ക് എത്തിക്കുവാൻ നമ്മൾ പരിശ്രമിക്കേണ്ടതുണ്ട്.

മാധ്യമങ്ങൾ സമാധാനത്തിന്റെ സംസ്കൃതി വളർത്തുന്ന പ്രത്യാശയുടെ പ്രയോക്താക്കളാകുന്നു എന്ന് ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. വാർത്തകൾ നമ്മുടെ താല്പര്യങ്ങൾക്ക് വേണ്ടി വളച്ചൊടിക്കാതെ അവതരിപ്പിക്കുമ്പോൾ സത്യത്തിന്റെ പ്രചാരകരായി നമ്മൾ മാറും. സത്യം അറിയാനും അറിയിക്കാനും നമുക്ക് കടമയും ഉത്തരവാദിത്വവുമുണ്ട്. ഈ മാധ്യമദിനത്തിൽ ഈ ഒരു വലിയ തിരിച്ചറിവ് നമുക്ക് സ്വന്തമാക്കാം. സുവിശേഷപ്രഘോഷണത്തിനുതകുന്ന മാധ്യമമെന്ന നിലയിലാണ് സഭയ്ക്ക് സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളോടുള്ള താല്പര്യം. സത്യത്തിന്റെ സുവിശേഷം പ്രചരിപ്പിക്കാനുമുള്ള സഭയുടെ സാർവ്വത്രിക ദൗത്യത്തോടു

സഹകരിക്കാനുള്ള ദൗത്യം നാമെല്ലാവരും ഏറ്റെടുക്കേണ്ടതുണ്ട്. മാധ്യമ സാക്ഷരത ഉള്ളവരായി സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും മാധ്യമ ധർമ്മത്തിലേക്ക് നമുക്ക് നടന്നടുക്കാം.

പ്രാർത്ഥനാശംസകളോടെ,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ ജൂൺ 3-ാം തീയതി ഞായറാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രകാഴ്ച്ച അതിരൂപത കേന്ദ്രത്തിലേക്ക് മീഡിയാ കളക്ഷനായുള്ള സൗത്ത് ഇന്ത്യൻ ബാങ്കിലെ A124A11CMC എന്ന virtual അക്കൗണ്ട് നമ്പറിനോടുകൂടി അതത് ഇടവകകൾക്കായി നൽകിയിരിക്കുന്ന കോഡ് നമ്പർ കൂടി ചേർത്ത് കഴിവതും വേഗം അയച്ചുതരേണ്ടതുമാണ്.

# അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME
## June 2018

| Date | Programme |
|---|---|
| 1 | KSSS Agape School Opening Celebration |
| 1-3 | Margamkali Class |
| 2-4 | KSSS Grass Root Comic Training Programme-Chai |
| 3 | KCC Working Committee |
| 4-9 | Co-operative Bank Employees' Training |
| 5 | KSSS Animators' Meeting |
| 5 | KSSS World Environment Day Observation |
| 12 | Bi-monthly Recollection of Rev. Priests |
| 16 | KSSS Co-ordinators' Meeting |
| 16 | KSSS CBR CRC |
| 17 | MG University Pensioners' Organisations Programme |
| 24 | KCC General Body Meeting |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **ജൂൺ** | | |
| ജൂൺ 3 | കെ.സി.സി വർക്കിംഗ് കമ്മിറ്റി | ചൈതന്യ |
| ജൂൺ 7 - 9 | വിവാഹ ഒരുക്ക കോഴ്സ് | തൂവാനിസ |
| ജൂൺ 12 | വൈദികരുടെ മാസധ്യാനം | ചൈതന്യ |
| ജൂൺ 24 | കെ.സി.സി ജനറൽ ബോഡി മീറ്റിംഗ് | ചൈതന്യ |

## തൂവാനിസ പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം |
|---|---|
| **ജൂൺ** | |
| ജൂൺ 2 | യുവജന ധ്യാനം |
| ജൂൺ 7 - 9 | വിവാഹ ഒരുക്ക കോഴ്സ് |
| ജൂൺ 10 - 14 | ആത്മാഭിഷേക ധ്യാനം |
| ജൂൺ 17 - 21 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം |
| ജൂൺ 24 | ആന്തരിക വിശുദ്ധീകരണ ധ്യാനം |

# ബൈബിൾ കമ്മീഷൻ

പിയ ബഹു: അച്ചാ,

## ബൈബിൾ കമ്മീഷനിൽ നിന്നാശംസകൾ

**ലോഗോസ് ക്വിസ് 2018**

രക്ഷകനും നാഥനുമായ ഈശോമിശിഹായെ ആഴത്തിൽ അറിയുക, വിശുദ്ധ ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തു പരീക്ഷയാണ് ലോഗോസ് ക്വിസ് 2018. ഈ പരീക്ഷയിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുവാൻ ശ്രമിക്കുമല്ലോ?

**പ്രത്യേകം ശ്രദ്ധിക്കേണ്ടവ**

1. മത്സരാർത്ഥികളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ A,B,C,D,E,F എന്നീ ആറ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു.

A വിഭാഗം 01-01-2007ന് ശേഷം ജനിച്ചവർ

B വിഭാഗം 01-01-2002 നും 31-12-2006നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം 01-01-1987നും 31-12-2001നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം 01-01-1967നും 31-12-1986നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം 01-01-1954നും 31-12-1966നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം 31-12-1953 ന് മുമ്പ് ജനിച്ചവർ

**മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ ഗ്രൂപ്പ് അടിസ്ഥാനത്തിലായിരിക്കും.**

2. ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്ന 25-ൽ ഒരാൾക്ക് സമ്മാനം ലഭിക്കുന്നതാണ്.

3. പഠനഭാഗം: **നിയമാവർത്തനം 1-11; പ്രഭാഷകൻ 1-10; മത്തായി 10-18; വെളിപാട് 10-16 അദ്ധ്യായങ്ങൾ**

4. പരീക്ഷാ തീയതി: രൂപതാതലത്തിൽ: **2018 സെപ്തംബർ 30 ഞായർ** ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ ഇടവകകേന്ദ്രങ്ങളിൽ

സംസ്ഥാന തലത്തിൽ: 2018 നവംബർ 11 ഉച്ചകഴിഞ്ഞ് 2.00ന് എഴുത്തുപരീക്ഷ ആലുവായിൽ ഫൈനൽ നവംബർ 24-25 തീയതികളിൽ പി.ഒ.സി. യിൽ

5. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ഇതിൽ ഒരുരൂപ ഇടവകയ്ക്കുള്ളതാണ്. ബാക്കി 9 രൂപ രജിസ്ട്രേഷനൊപ്പം നൽകേണ്ടതാണ്.

6. രജിസ്ട്രേഷൻ അവസാന തീയതി 2018 ജൂലൈ 31
7. രജിസ്ട്രേഷൻ ഫോം തികയാതെ വന്നാൽ കോപ്പി എടുത്താൽ മതിയാകും.
8. ഓരോ ഇടവകയും സ്വന്തം ഉത്തരവാദിത്വത്തിൽ ഇ-മെയിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.
9. ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റുരൂപം ഉണ്ടായിരിക്കുന്നതല്ല. (വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താല്പര്യമുള്ളവർക്ക് ലഘുപഠനത്തിനായി ജൂൺ 15 ന് ശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്.
10. രൂപതയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്കുള്ള കാഷ് അവാർഡുകൾ രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ ഇടവകയിലെ ഭവനങ്ങളുടെ അനുപാതം കൂടി പരിഗണിച്ചായിരിക്കും നൽകുക.
11. ഇംഗ്ലീഷ് ചോദ്യം വേണ്ടവർ പ്രത്യേകം അടയാളപ്പെടുത്തണം.
12. ഓരോ മാസവും ഇടവകയിൽ മോഡൽ പരീക്ഷ നടത്തി ഇടവകയിൽ നിന്ന് സമ്മാനങ്ങൾ നൽകുന്നത് നന്നായിരിക്കും.

## മറ്റ് സമ്മാനങ്ങൾ

**അഖില കേരളാ തലത്തിൽ ഓരോ വിഭാഗത്തിനും പ്രത്യേകം**

1-ാം സമ്മാനം 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
2-ാം സമ്മാനം 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം 5000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും.
4-ാം സമ്മാനം 1000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
5-ാം സമ്മാനം 500 രൂപ

**രൂപതാതലത്തിൽ ഓരോ വിഭാഗത്തിനും പ്രത്യേകം**

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും.
4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും - 7 പേർക്ക് വീതം
5-ാം സമ്മാനം 100 രൂപ വിലവരുന്ന പുസ്തകം - 15 പേർക്ക്

80% ൽ കൂടുതൽ മാർക്ക് വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

### സമ്മാനങ്ങൾ ഇടവക തലത്തിൽ

25–ന്റെ ഓരോ ഗുണിതത്തിനും (50,75,100,125,150 എന്ന കണക്കിൽ) ഒരു സമ്മാനം എന്ന അനുപാതത്തിൽ സമ്മാനങ്ങൾ എല്ലാ ഇടവക കൾക്കും ഉണ്ടായിരിക്കും.

60% ൽ കൂടുതൽ മാർക്ക് വാങ്ങുന്ന A പ്രായ വിഭാഗത്തിലുള്ള വർക്കും 70% ൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E,F പ്രായവിഭാ ഗങ്ങളിലുള്ളവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടി ഫിക്കറ്റ് നൽകുന്നതാണ്.

### ലോഗോസ് ഫമിലിയ ക്വിസ്

ലോഗോസ് ഫമിലിയ ക്വിസ് നവംബർ 5 ന് പി.ഒ.സി. യിൽ. ഒരു ടീമിൽ പിതാവ്, മാതാവ്, ഒരു കുട്ടി എന്നിവരാണ് പങ്കെടുക്കേണ്ടത്. ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നവരിൽ നിന്നാണ് ഫാമി ലിയെ തിരഞ്ഞെടുക്കുക.

**ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ**
ചെയർമാൻ

## വിശ്വാസ പരിശീലന കമ്മീഷൻ

### ഇന്റൻസീവ് കോഴ്സ്

XI, XII ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന ഇന്റൻസീവ് കോഴ്സ് മെയ് മാസം 7, 8, 9, 10 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

### സേ പരീക്ഷ

X, XII ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സേ പരീക്ഷ മെയ് 13–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4 മണിവരെ ഏറ്റുമാ നൂർ സെന്റ് ജോസഫ്സ് സൺഡേ സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

### സീലോഹേ

അതിരൂപതയിലെ വിശ്വാസ പരിശീലനം നേടുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ കോഴ്സ് (സീലോഹേ) കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെട്ടു.

## പ്രധാന അദ്ധ്യാപക സെമിനാർ

കോട്ടയം അതിരൂപതയിലെ വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ പ്രധാന അദ്ധ്യാപകരുടെ സെമിനാർ മെയ് 27-ാം തീയതി ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. സെമിനാറിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. സെമിനാറിനോടനുബന്ധിച്ച് ഫാ. ജോളി വടക്കൻ ക്ലാസ്സ് നയിച്ചു. വിശ്വാസ പരിശീലന കമ്മീഷൻ ചെയർമാൻ ഫാ. മാത്യു കൊച്ചാദംപള്ളിൽ, സി. ഇസബെല്ലാ എസ്.ജെ.സി എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

## കൃപ സൈജു - സീറോ മലബാർ പ്രതിഭ

സീറോ മലബാർ സഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് മെയ് 23 മുതൽ 25 വരെ തീയതികളിൽ നടത്തപ്പെട്ട പ്രതിഭാ സംഗമത്തിൽ മികച്ച പ്രതിഭകളിൽ ഒരാളായി കോട്ടയം അതിരൂപതയിലെ കരിങ്കുന്നം ഇടവകാംഗമായ നടുപറമ്പിൽ കൃപ സൈജു തെരഞ്ഞെടുക്കപ്പെട്ടു. കരിങ്കുന്നം നടുപറമ്പിൽ സൈജു മാണി, ബിൻസി സൈജു ദമ്പതികളുടെ മകളാണ് കൃപ സൈജു. സീറോ മലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നും പങ്കെടുത്ത 82 ഓളം കുട്ടികളിൽ നിന്നുമാണ് മികച്ച പ്രതിഭയായി കൃപ സൈജു തിരഞ്ഞെടുക്കപ്പെട്ടത്.

പ്രസ്തുത സംഗമത്തിൽ കോട്ടയം അതിരൂപതയിലെ കരിങ്കുന്നം ഇടവകാംഗമായ റിയാ മനോജ് കണിയാരുകുഴിയിൽ, കൃപ സൈജു നടുപറമ്പിൽ, മ്രാല ഇടവകാംഗമായ എഡ്വിൻ ടോമി ആലുങ്കൽ, കരിപ്പാടം ഇടവകാംഗമായ ക്രിസ്റ്റോ രാജു മുള്ളംകുഴിയിൽ, പയ്യാവൂർ ഇടവകാംഗമായ അലിയ ആൻ ടോം കാഞ്ഞിരപറമ്പിൽ, മാലക്കല്ല് ഇടവകാംഗമായ സാംസൺ മാത്യു പുതിയേടത്ത് എന്നിവർ പങ്കെടുത്തു. സീറോ മലബാർ സഭയിലെ വിവിധ രൂപതകളിൽ ഏഴാം ക്ലാസ്സിലെ വിശ്വാസ പരിശീലനം പൂർത്തിയാക്കവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളാണ് മൂന്നു ദിവസത്തെ പ്രതിഭാ സംഗമത്തിൽ പങ്കെടുത്തത്.

**ഫാ. മാത്യു കൊച്ചാദംപള്ളിൽ**
ചെയർമാൻ

# കരിസ്മാറ്റിക് കമ്മീഷൻ

## സീലോഹേ

അതിരൂപതയിലെ വിശ്വാസ പരിശീലനം നേടുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ കോഴ്സ് (സീലോഹേ) കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെട്ടു.

## ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും

എല്ലാ ബുധനാഴ്ചകളിലും രാവിലെ 9.30 മുതൽ 1 മണി വരെ ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും വിശുദ്ധ കുർബാനയും തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## ജാഗരണ പ്രാർത്ഥന

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 6.30 മുതൽ രാത്രി 1 മണി വരെ തൂവാനീസായിൽ ജാഗരണ പ്രാർത്ഥന നടത്തപ്പെടുന്നു.

## ജീസസ്സ് യൂത്ത് പ്രാർത്ഥന

എല്ലാ രണ്ടാം ശനിയാഴ്ചകളിലും രാവിലെ 9 മുതൽ വൈകുന്നേരം 4 മണി വരെ ജീസസ്സ് യൂത്ത് പ്രാർത്ഥനാ കൂട്ടായ്മയും ട്രെയിനിംഗും തൂവാനിസയിൽ നടത്തപ്പെടുന്നു.

## കാത്തലിക് ലീഡർഷിപ് ട്രെയിനിംഗ്- ബസാലേൽ

ക്നാനായ കാത്തലിക് ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ ആദ്യബാച്ച് പരിശീലനം കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെട്ടു. 15 നും 30 ഇടയിൽ പ്രായമുള്ള 42 യുവതിയുവാക്കൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന് എൻ.എൽ.പി ട്രെയിനിംഗ് പ്രോഗ്രാം റിസോഴ്സ് ടീം നേതൃത്വം നൽകി. ആദ്യ ബാച്ചിന്റെ തുടർ സംഗമം ജൂൺ 7 ന് തൂവാനിസയിൽ നടത്തപ്പെടും. ചുങ്കം, കോട്ടയം, കിടങ്ങൂർ തൂവാനിസ സോണുകളായി നാല് പ്രയർ യൂണിയനുകൾ രൂപീകരിച്ച് യുവജനങ്ങളെ ചേർത്ത് നിർത്താൻ ക്യാമ്പംഗങ്ങൾ തീരുമാനിച്ചു. ഇടവകയുടെ പ്രവർത്തനങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും ജീവിത സാക്ഷ്യത്തിലൂടെ മാതൃക നൽകാൻ തങ്ങൾ പ്രതിജ്ഞാബന്ധരാണെന്ന് അവർ പ്രഖ്യാപിച്ചു. രണ്ടാമത്തെ ബാച്ച് പരിശീലനം ജൂലൈ 9, 10, 11 തീയതികളിൽ തൂവാനിസയിൽ

നടത്തപ്പെടും. മലബാർ റീജിയണിൽ ജൂൺ1, 2, 3 തീയതികളിൽ പ്രോഗ്രാം നടത്തപ്പെട്ടു. പങ്കെടുക്കാനാഗ്രഹിക്കുന്ന 15 നും 30 നുമിടയിൽ പ്രായമുള്ള യുവജനങ്ങൾ തൂവാനിസ ഡയറക്ടറുമായോ ഇടവക വികാരിയുമായോ ബന്ധപ്പെടുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമേ അവസരം ഉണ്ടായിരിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. അഭ്യുദയകാംക്ഷികളുടെ സംഭാവനകൾ വഴിയാണ് പ്രോഗ്രാം നടത്തപ്പെടുന്നത്. ഫോൺ 9496461950

**ഫാ. ജിബിൽ കുഴിവേലിൽ**
ചെയർമാൻ

# ഫാമിലി കമ്മീഷൻ

## ദമ്പതി സംഗമം

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ തോട്ടറ സെന്റ് മേരിസ് പള്ളിയിൽ വച്ച് ദമ്പതി സംഗമം സംഘടിപ്പിച്ചു. സംഗമത്തിൽ വികാരി റവ. ഡോ. ജേക്കബ് മുള്ളൂർ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഫാമിലി കമ്മീഷൻ ചെയർമാൻ ഫാ. ബ്രസൻ ഒഴുങ്ങാലിൽ ക്ലാസ്സ് നയിച്ചു

## വിവാഹ ഒരുക്ക സെമിനാർ

മെയ് മാസത്തെ വിവാഹ ഒരുക്ക സെമിനാർ മെയ് 10 മുതൽ 12 വരെ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ വച്ച് നടത്തപ്പെട്ടു.

ജൂൺ മാസത്തെ വിവാഹ ഒരുക്ക സെമിനാർ ജൂൺ 7 മുതൽ 9 വരെ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

## കെ. സി. വൈ.എൽ.

### നേതൃത്വ പരിശീലന കളരി (SPERANZA)

കെ.സി.വൈ.എൽ അതിരൂപത സമിതിയും പിറവം ഫൊറോന സമിതിയും സംയുക്തമായി സംഘടിപ്പിച്ച SPERANZA നേതൃത്വപരിശീലന കളരി മെയ് 12 ന് രാവിലെ 9 മണിക്ക് ആരംഭിച്ചു. പരിശീലന കളരി അതിരൂപത ചാപ്ലെയിൻ ഫാ. സന്തോഷ് മുല്ലമംഗലത്ത് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എൽ അതിരൂപത പ്രസിഡന്റ് ബിബീഷ് ഓലിക്കാമുറിയിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ജിറ്റോമോൻ തങ്കച്ചൻ സ്വാഗതം ആശംസിച്ചു. ഫൊറോന വികാരി ഫാ. തോമസ് ആദോപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി യോഗത്തിൽ അതിരൂപത ഡയറക്ടർ ഷെല്ലി ആലപ്പാട്ട് സിസ്റ്റർ അഡ്വൈസർ സിസ്റ്റർ ലേഖ, ഫൊറോന ഡയറക്ടർ ബെന്നി കുര്യാക്കോസ്, ജോണീസ് പി സ്റ്റീഫൻ, ജിസ്മി ഷാജു, ജോസ് ജസ്റ്റിൻ തുടങ്ങിയവർ പ്രസംഗിച്ചു. സമുദായ അവബോധത്തെ കുറിച്ച് ഫാ. സൈമൺ പുല്ലാട്ടും നേതൃത്വ പരിശീലനം എന്ന വിഷയത്തെ ആസ്പദമാക്കി സേവ്യർ ദാസും ക്ലാസ്സ് നയിച്ചു.

കെ.സി.വൈ.എൽ അതിരൂപത സമിതിയും കിടങ്ങൂർ ഫൊറോന സമിതിയും സംയുക്തമായി സംഘടിപ്പിച്ച SPERANZA നേതൃത്വ പരിശീലന കളരി കെ.സി.വൈ.എൽ ഫൊറോന പ്രസിഡന്റ് ലിബിൻ പാറയിലിന്റെ അദ്ധ്യക്ഷതയിൽ അതിരൂപത പ്രസിഡന്റ് ബിബീഷ് ഓലിക്കാമുറിയിൽ നേതൃത്വ പരിശീലന കളരിയും കിടങ്ങൂർ ഫൊറോനയുടെ പ്രവർത്തനവർഷത്തെ ഉദ്ഘാടനവും സംയുക്തമായി നിർവ്വഹിച്ചു. അതിരൂപത ജനറൽ സെക്രട്ടറി റ്റിജിൻ ചേന്നാത്ത് സ്വാഗതം ആശംസിച്ചു. അതിരൂപത ചാപ്ലെയിൻ ഫാ. സന്തോഷ് മുല്ലമംഗലത്ത് ആമുഖ സന്ദേശം നടത്തിയ യോഗത്തിൽ ഫൊറോന ചാപ്ലെയിൻ ഫാ. ജിൻസ് നെല്ലിക്കാട്ടിൽ, പുന്നത്തുറ പള്ളി വികാരി ഫാ. ജോസഫ് കീഴങ്ങാട്ട്, മുത്തോലി ഗ്രാമപഞ്ചായത്ത് മെമ്പർ ജിസ്മോൾ, അതിരൂപത ഡയറക്ടർ ഷെല്ലി ആലപ്പാ

ട്ട്, ഫൊറോന സിസ്റ്റർ അഡ്വൈസർ സി.റ്റിറ്റി, യൂണിറ്റ് ഡയറക്ടർ ജോസ് പൂവേലിൽ, ജോണീസ് പി. സ്റ്റീഫൻ, സ്റ്റെഫി കപ്പളങ്ങാട്ട് തുടങ്ങിയവർ സംസാരിച്ചു. സമുദായ അവബോധത്തെ കുറിച്ച് ഫാ. സൈമൺ പുല്ലാട്ടും നേതൃത്വ പരിശീലനം എന്ന വിഷയത്തെ ആസ്പദമാക്കി സേവ്യർ ദാസും ക്ലാസ്സ് നയിച്ചു.

കെ.സി.വൈ.എൽ അതിരൂപത സമിതിയും ഇടയ്ക്കാട്ട് ഫൊറോന സമിതിയും സംയുക്തമായി സംഘടിപ്പിച്ച SPERANZA നേതൃത്വ പരിശീലന കളരി കെ.സി.വൈ.എൽ അതിരൂപത പ്രസിഡന്റ് ബിബീഷ് ഓലിക്കാമുറിയിലിന്റെ അദ്ധ്യക്ഷതയിൽ അതിരൂപത കോർപ്പറേറ്റീവ് സെക്രട്ടറിയും ഇടയ്ക്കാട്ട് ഫൊറോന വികാരിയുമായ ഫാ. തോമസ് ഇടത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഇടയ്ക്കാട്ട് ഫൊറോന പ്രസിഡന്റ് ജിൻസ് പൂത്തറ സ്വാഗതം ആശംസിച്ചു. നീറിക്കാട്ട് വികാരി ഫാ. ജിനു കാവിൽ, ഷെല്ലി ആലപ്പാട്ട്, റ്റിജിൻ ചേന്നാത്ത്, ജിം ജോൺ, ജോണീസ് പി. സ്റ്റീഫൻ, ജിസ്മി മണക്കാട്ട് എന്നിവർ സംസാരിച്ചു. സമുദായ അവബോധത്തെ കുറിച്ച് ഫാ. സൈമൺ പുല്ലാട്ടും നേതൃത്വ പരിശീലനം എന്ന വിഷയത്തെ ആസ്പദമാക്കി സേവ്യർ ദാസും ക്ലാസ്സ് നയിച്ചു.

**റ്റിജിൻ ചേന്നാത്ത്**
സെക്രട്ടറി

# കാർട്ട്

## ക്നാനായ സ്റ്റാർസ് എക്സിക്യൂട്ടീവ് കൗൺസിൽ യോഗം ചേർന്നു

ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗ് (KART)ന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ക്നാനായ സ്റ്റാർസ് അവധിക്കാല ക്യാമ്പിനെക്കുറിച്ചും പത്താം ബാച്ച് പുതിയ തെരഞ്ഞെടുപ്പിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിനായി കാർട്ട് എക്സിക്യൂട്ടീവ് കൗൺസിൽ യോഗം ചേർന്നു. കാർട്ട് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അക്കാദമിക് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, ക്നാനായ സ്റ്റാർ പ്രോഗ്രാം കോർഡിനേറ്റർ ഡോ. മേഴ്സി ജോൺ തുടങ്ങിയവർ

പങ്കെടുത്തു. ക്നാനായ സ്റ്റാർസ് മെന്റേഴ്സ് ഫോറം വിപുലീകരണത്തെക്കുറിച്ചും ഭാവി കർമ്മരേഖാ രൂപീകരണത്തെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

## ക്നാനായ സ്റ്റാർസ് മെന്റേഴ്സ് യോഗം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ രൂപം നൽകിയ ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (KART)ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ക്നാനായ സ്റ്റാർസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ വളർന്നുവരുന്ന പ്രതിഭകൾക്ക് നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനായി രൂപം നൽകിയിരിക്കുന്ന കാർട്ട് മെന്റേഴ്സ് ടീമിന്റെ യോഗം മെയ് 19 ന് വൈകുന്നേരം 5 മണി മുതൽ 9 മണി വരെ ചൈതന്യയിൽ സംഘടിപ്പിച്ചു. കാർട്ട് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ക്നാനായ സ്റ്റാർസ് പ്രോഗ്രാമിന്റെ അവധിക്കാല ക്യാമ്പ് വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. 36 പേർ പങ്കെടുത്തു.

## ക്നാനായ സ്റ്റാർസ് പുതിയ ബാച്ച് - അതിരൂപതാ സെലക്ഷൻ ക്യാമ്പ് സംഘടിപ്പിച്ചു

ക്നാനായ സമുദായത്തിലെ പ്രതിഭാശാലികളായ കുട്ടികളെ ഹൈസ്കൂൾ പ്രവേശനാവസരത്തിൽതന്നെ കണ്ടെത്തി മൂല്യാധിഷ്ഠിത ജീവിത മാർഗ്ഗനിർദ്ദേശങ്ങളും ഉന്നതവിദ്യാഭ്യാസം നേടിയെടുക്കാനാവശ്യമായ പരിശീലനങ്ങളും തുടർച്ചയായി നൽകി ഉന്നത നിലവാരത്തിലേക്ക് കൈ പിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ അതിരൂപത രൂപം നൽകിയ ക്നാനായ സ്റ്റാർസ് പദ്ധതിയിലെ പത്താമത്തെ ബാച്ചിൽ ഉൾപ്പെടുത്തുന്നതിനായി ഫൊറോന സെലക്ഷൻ ക്യാമ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി അതിരൂപതാതല സെലക്ഷൻ ക്യാമ്പ് മെയ് 17 ഉച്ചകഴിഞ്ഞ് 2.30 മുതൽ 19 ഉച്ചകഴിഞ്ഞ് 1.30 വരെ ചൈതന്യയിൽ സംഘടിപ്പിച്ചു. കാർട്ട് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അക്കാദമിക് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, ക്നാനായ സ്റ്റാർ പ്രോഗ്രാം കോർഡിനേറ്റർ ഡോ. മേഴ്സി ജോൺ, ഫെസിലിറ്റേറ്റർ ഫാ. സിറിയക് ഓട്ടപ്പള്ളിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. 90 കുട്ടികൾ പങ്കെടുത്തു.

## ക്നാനായ സ്റ്റാർസ് പ്രതിഭയ്ക്ക് പ്ലസ് ടുവിന് നൂറുമേനി വിജയം

ക്നാനായ സമുദായത്തിലെ പ്രതിഭാശാലികളായ കുട്ടികൾക്കായി അതിരൂപത നടപ്പിലാക്കുന്ന ക്നാനായ സ്റ്റാർസ് പ്രോഗ്രാമിലെ ആറാം ബാച്ചിലെ അംഗമായ എസ്തർ പി. മാത്യു ഇക്കഴിഞ്ഞ പ്ലസ് ടു പരീക്ഷയ്ക്ക് 1200 ൽ 1200 മാർക്കും സ്വന്തമാക്കി സുവർണ്ണവിജയം നേടി . കോട്ടയം സെന്റ് ആൻസ് സ്കൂളിലെ സയൻസ് ബാച്ച് വിദ്യാർത്ഥിനിയാണ് എസ്തർ. കോൺട്രാക്ടറായ ചിങ്ങവനം കൊണ്ടകശ്ശേരിൽ പോൻസി മാത്യുവിന്റെയും സെന്റ് ആൻസ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപിക ബിൻസിയുടെയും മകളായ എസ്തർ പാഠ്യേതര വിഷയങ്ങളിലും പ്രതിഭ തെളിയിച്ചിട്ടുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംഘനൃത്തത്തിന് എ ഗ്രേഡ് നേടിയിട്ടുണ്ട്. അക്സ് പി മാത്യു, എലീസ പി. മാത്യു എന്നിവർ സഹോദരങ്ങളാണ്.

## ക്നാനായ സ്റ്റാർസ് പ്രോഗ്രാം – അവധിക്കാല ക്യാമ്പ് സംഘടിപ്പിച്ചു

ക്നാനായ യുവതീയുവാക്കൾക്ക് മൂല്യാധിഷ്ഠിത ജീവിത ദർശനം നല്കുന്നതിനും മെച്ചപ്പെട്ട ജീവിത നേട്ടങ്ങൾക്ക് വഴിയൊരുക്കുന്നതിനുമായി കോട്ടയം അതിരൂപതയുടെ കീഴിൽ രൂപീകരിച്ചിരിക്കുന്ന ക്നാനായ അക്കാഡമി ഫോർ റിസേർച്ച് ആൻഡ് ട്രെയിനിംഗി (KART)ന്റെ നേതൃത്വത്തിൽ അപ്നാദേശിന്റെ സഹകരണത്തോടെ ക്നാനായ സ്റ്റാർസ് പ്രോഗ്രാമിലെ 5 മുതൽ 9 വരെ ബാച്ചിലെ കുട്ടികളുടെ (9-ാം ക്ലാസ്സ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികൾ) അവധിക്കാല ക്യാമ്പ് മെയ് 9-ാം തീയതി മുതൽ 13-ാം തീയതി വരെ ചൈതന്യയിൽ സംഘടിപ്പിച്ചു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായത്തിൽ ഉന്നത നിലവാരം പുലർത്തുന്ന പ്രതിഭകളെ വളർത്തിയെടുക്കാൻ ക്നാനായ സ്റ്റാർസ് പ്രോഗ്രാം വഴിയൊരുക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ഗ്വാളിയാർ രൂപതാ ബിഷപ്പ് മാർ തോമസ് തെന്നാട്ട് ക്യാമ്പിൽ കുട്ടികളെ സന്ദർശിച്ച് മിഷൻ അനുഭവങ്ങൾ പങ്കുവച്ചു. നേതാവിനൊപ്പം എന്ന പേരിൽ സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ പങ്കെടുത്തു. പരിസ്ഥിതി സംരക്ഷണ അവബോധം പകർന്നു നൽകുന്നതിനായി പ്രകൃതിയെ തൊട്ടറിയാൻ

പഠനയാത്രയും ക്യാമ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു.

ക്യാമ്പിന്റെ സമാപന സമ്മേളനം അഡീഷണൽ ചീഫ് സെക്രട്ടറി ടി. കെ.ജോസ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. എം.ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ് അദ്ധ്യക്ഷത വഹിച്ചു. മാതാപിതാക്കളെ ഉൾപ്പെടുത്തി നടത്തപ്പെട്ട ക്യാമ്പിന്റെ സമാപന ദിനത്തിൽ ഡോ. റസീന പദ്മം ക്ലാസ്സ് നയിച്ചു തുടർന്ന് ക്നാനായ സ്റ്റാർസ് ദർശനവും ഭാവി പ്രവർത്തന പദ്ധതികളും എന്ന വിഷയത്തിൽ കാർട്ട് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ക്ലാസ്സ് നയിച്ചു. ക്യാമ്പിന്റെ ദിനങ്ങളിൽ കുട്ടികളോടൊത്ത് ചിലവഴിച്ച 12 ക്നാനായ സ്റ്റാർസ് മാർഗ്ഗദർശികളായ മെന്റേഴ്സ് തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട 70 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. മൂല്യാധിഷ്ഠിത ജീവിതദർശനം, ആശയവിനിമയം, പരിസ്ഥിതി സംരക്ഷണം, മാനസികാരോഗ്യം, കരിയർ ഗൈഡൻസ് തുടങ്ങി വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ക്ലാസ്സുകളും വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവരെ ഉൾപ്പെടുത്തി മുഖാമുഖം പരിപാടികളും ക്യാമ്പിനോടനുബന്ധിച്ച് ക്രമീകരിച്ചിരുന്നു. കാർട്ട് ഡയറക്ടറും അതിരൂപതാ വികാരി ജനറാളുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കാർട്ട് അക്കാദമിക് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, ക്നാനായ സ്റ്റാർസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. മേഴ്സി ജോൺ, ഫെസിലിറ്റേറ്റർ ഫാ. സിറിയക് ഓട്ടപ്പള്ളിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## 'പറന്നുയരാം നമുക്കൊന്നായ്' – ക്നാനായ സ്റ്റാർസ് കവിതാ സമാഹാരം പ്രസിദ്ധീകരിച്ചു

ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗ് (KART)ന്റെ നേതൃത്വത്തിൽ ക്നാനായ സ്റ്റാർസ് പ്രോഗ്രാമിലെ അംഗങ്ങൾക്കായി സംഘടിപ്പിച്ച അവധിക്കാല ക്യാമ്പിനോടനുബന്ധിച്ച് ക്നാനായ സ്റ്റാർസ് അംഗങ്ങൾ എഴുതിയ കവിതകൾ അടങ്ങുന്ന പറന്നുയരാം നമുക്കൊന്നായി എന്ന കവിതാ സമാഹാരം പ്രസിദ്ധീകരിച്ചു. എം.ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസിന് പുസ്തകം കൈമാറിക്കൊണ്ട് അഡീഷണൽ ചീഫ് സെക്രട്ടറി ടി. കെ.

ജോസ് ഐ.എ.എസ് പ്രകാശന കർമ്മം നിർവ്വഹിച്ചു. സിസ്റ്റർ അർഷ എസ്.ജെ.സി, ബിജു തോമസ്, ഫാ.സിറിയക് ഓട്ടപ്പള്ളിൽ, ഡോ. അജിത് ജെയിംസ്, മാത്തുക്കുട്ടി എബ്രാഹം എന്നിവർ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായിരുന്നു. ക്യാമ്പിന്റെ ആദ്യദിവസം കവിതാരചനയ്ക്കുള്ള ആശയം കുട്ടികൾക്ക് നൽകി തുടർന്ന് ജീവിത മൂല്യങ്ങൾ, പരിസ്ഥിതി, ദൈവാശ്രയബോധം തുടങ്ങി വിവിധ വിഷയങ്ങൾ പ്രതിപാദിക്കുന്ന രചനകൾ കുട്ടികൾ തയ്യാറാക്കി നൽകുകയും ക്യാമ്പിന്റെ സമാപന ദിവസം പ്രസിദ്ധീകരിക്കുകയുമായിരുന്നു.

## ജി.എസ്.ടി ഉപന്യാസ മത്സര വിജയികൾ

ക്നാനായ സ്റ്റാർസ് കുട്ടികൾക്കായി 2017 ഡിസംബർ മാസത്തിൽ സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. ജി.എസ്.ടിയെക്കുറിച്ച് സംഘടിപ്പിച്ച ലേഖന മത്സരത്തിൽ ഞീഴൂർ, ചെമ്മലക്കുഴി അനു ടോം ഒന്നാം സ്ഥാനവും കിടങ്ങൂർ ആശാരിപറമ്പിൽ ഡിയോൾ ബേസിൽ രണ്ടാം സ്ഥാനവും ഒളശ്ശ ഇക്കരമണലിൽ ലാറാ ജേക്കബ് മൂന്നാം സ്ഥാനവും സ്വന്തമാക്കി. വിജയികൾക്ക് ക്നാനായ സ്റ്റാർസ് കുട്ടികൾക്കായി സംഘടിപ്പിച്ച അവധിക്കാല ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ ജോസ് ഐ.എ.എസ് സമ്മാനങ്ങൾ വിതരണം ചെയ്തു.

## മികച്ച ക്യാമ്പേഴ്സിനെ തെരഞ്ഞെടുത്തു

ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (KART)ന്റെ നേതൃത്വത്തിൽ ക്നാനായ സ്റ്റാർസ് പ്രോഗ്രാമിലെ അംഗങ്ങൾക്കായി സംഘടിപ്പിച്ച അവധിക്കാല ക്യാമ്പിൽ ജോയൽ ഷെജി കവുങ്ങുംപാറയിൽ പടമുഖം, നോയൽ ജിജോ വാച്ചാചിറയിൽ സംക്രാന്തി, അനു അൻസാ ബിജു ചായിലാത്ത് നട്ടാശ്ശേരി, രേഷ്മ ജോസഫ് കോച്ചേരിൽ പറമ്പഞ്ചേരി എന്നിവരെ മികച്ച ക്യാമ്പേഴ്സായി തെരഞ്ഞെടുത്തു. ക്യാമ്പ് ദിനങ്ങളിലെ പങ്കാളിത്തം പ്രകടന മികവ് എന്നിവയുടെ അടിസ്ഥാനത്തിലാണ് മികച്ച ക്യാമ്പേഴ്സിനെ തെരഞ്ഞെടുത്തത്.

## എ പ്ലസ് തിളക്കത്തിൽ മിന്നിയ ക്നാനായ താരങ്ങൾ

ക്നാനായ സ്റ്റാർസ് പദ്ധതിയിൽ അംഗങ്ങളായ കുട്ടികളിൽ ഇക്കഴിഞ്ഞ പത്താം ക്ലാസ്സ്, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങ

ൾക്കും എ പ്ലസ് നേടി ഉന്നതവിജയം സ്വന്തമാക്കിയ ക്നാനായ സ്റ്റാർസ് അംഗങ്ങളിൽ അവധിക്കാല ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. നവോമി മൈക്കിൾ വെട്ടിക്കാട്ട് കൈപ്പുഴ, സോന അന്ന ബിജു ചാത്തംപടത്തിൽ കുറുമുള്ളൂർ, ജ്യോതിസ് മരിയ സ്റ്റീഫൻ പാണ്ടിയാംകുന്നേൽ അരീക്കര, അലീന മരിയ ജോസ് കളത്തിൽ കണ്ണങ്കര എന്നിവർക്ക് പത്താം ക്ലാസ്സിലും ക്രിസ്റ്റീന മെറിൻ, വട്ടാടിക്കുന്നേൽ, ജിതിൻ സാബു കോഴിത്തറ, ഉഴവൂർ എന്നിവർ പ്ലസ് ടുവിനുമാണ് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയത്.

## ക്നാനായ സ്റ്റാർസ് പദ്ധതി ഭാവി പരിശീലനങ്ങൾ

| | |
|---|---|
| 2018 ജൂലൈ 21 - 22 | ജൂനിയർ ബാച്ച് ഓറിയന്റേഷൻ ക്യാമ്പ് |
| 2018 ഓഗസ്റ്റ് 20, 21 | ഓണക്കാല ക്യാമ്പ് |
| 2018 ഒക്ടോബർ 20 | മേഖലാതല ഏകദിന പരിശീലനങ്ങൾ |
| 2018 ഡിസംബർ 21, 22 | ക്രിസ്തുമസ് കാല ക്യാമ്പ് |
| 2019 മെയ് 8-12 | അവധിക്കാല ക്യാമ്പ് |

**ഡോ. മേഴ്സി ജോൺ**
ക്നാനായ സ്റ്റാർസ് പ്രോഗ്രാം കോർഡിനേറ്റർ

**ഫാ. സിറിയക് ഓട്ടപ്പള്ളിൽ**
ഫെസിലിറ്റേറ്റർ

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### കെ.എസ്.എസ്.എസ് പരിസ്ഥിതി ദിനാചരണം ജൂൺ 5 ന് ചൈതന്യയിൽ

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിക്കുന്നു. ജൂൺ

5-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മുതൽ ചൈതന്യയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ദിനാചരണത്തോടനുബന്ധിച്ച് മത-സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക പരിസ്ഥിതി രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പരിസ്ഥിതിദിന പൊതുസമ്മേളനവും പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞയും സെമിനാറും പരിസ്ഥിതി സൗഹാർദ്ദ മത്സരവും മാതൃകാ പരിസ്ഥിതി പ്രവർത്തകരെ ആദരിക്കലും ക്രമീകരിച്ചിട്ടുണ്ട്.

## പരിസ്ഥിതിദിനത്തിൽ ചക്ക വെട്ടിയൊരുക്കൽ മത്സരം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചക്ക വെട്ടിയൊരുക്കൽ മത്സരം സംഘടിപ്പിക്കുന്നു. കാർഷിക വേഷവിധാനം, ചക്ക വെട്ടിയൊരുക്കലിലെ വൈദഗ്ദ്ധ്യം എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും വിജയികളെ തെരഞ്ഞെടുക്കുന്നത്. വിജയികളാകുന്നവർക്ക് ആകർഷക സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

## പരിസ്ഥിതിദിനത്തിൽ സോളാർ റാന്തൽ വിളക്കുകളുടെ വിതരണവും സർവ്വീസിംഗും

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സോളാർ റാന്തൽ വിളക്കുകളുടെ വിതരണവും സർവ്വീസിംഗും ക്രമീകരിച്ചിട്ടുണ്ട്. സി.എഫ്.എൽ സോളാർ വിളക്കുകളാണ് ലഭ്യമാക്കുന്നത്.

## അഗാപ്പെ സ്കൂൾ പ്രവേശനോത്സവം ജൂൺ 1 ന്

ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 1997 മുതൽ നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള അഗാപ്പെ സ്കൂളുകളുടെ പ്രവേശനോത്സവം സംഘടിപ്പിക്കുന്നു. ജൂൺ 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ചൈതന്യയിലാണ് പ്രവേശനോത്സവം സംഘടിപ്പിക്കുന്നത്.

## ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതിയുടെ ഉദ്ഘാടനം ജൂൺ മാസത്തിൽ

ഗ്രാമീണ യുവജനങ്ങൾക്ക് ശാസ്ത്രീയ തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിൽ അവസരവും ഉറപ്പാക്കി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതിയുടെ ഉദ്ഘാടനം ജൂൺ മാസത്തിൽ നടത്തപ്പെടും. ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ സെന്ററിലാണ് പദ്ധതിയുടെ ഉദ്ഘാടനം നടത്തപ്പെടുക. സെയിൽസ് പേഴ്സൺ (റീട്ടെയിൽ), അക്കൗണ്ട്സ് അസിസ്റ്റന്റ് എന്നീ കോഴ്സുകളാണ് ആദ്യ ഘട്ടത്തിൽ ആരംഭിച്ചിരിക്കുന്നത്. കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ ഗ്രാമീണ മേഖലയിലെ നിർദ്ധന യുവതി യുവാക്കൾക്ക് സൗജന്യ പരിശീലനവും തൊഴിലും പദ്ധതിയുടെ ഭാഗമായി ഉറപ്പുവരുത്തുന്നു. ഡി.റ്റി.പി & പ്രിന്റ് പബ്ളിഷിംഗ് അസിസ്റ്റന്റ്, ഫുഡ് & ബിവറേജ് സർവ്വീസസ്, തയ്യൽ പരിശീലനം എന്നീ കോഴ്സുകളും വരും ദിനങ്ങളിൽ ആരംഭിക്കുന്നതാണ്. ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്ററിലാണ് പരിശീലനങ്ങൾ ആരംഭിച്ചിരിക്കുന്നത്. മൂന്നുമാസം ദൈർഘ്യമുള്ള കോഴ്സുകൾ തികച്ചും സൗജന്യമായിരിക്കും. വിദഗ്ദ്ധ അദ്ധ്യാപകരുടെ നേതൃത്വത്തിലുള്ള പരിശീലനം പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.റ്റി സർട്ടിഫിക്കറ്റും നൽകും. താമസിച്ചും അല്ലാതെയും പരിശീലനം നേടുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും.

## സമരിറ്റൻ ദിനാഘോഷവും ഹെലൻ കെല്ലർ അനുസ്മരണവും ജൂൺ 27 ന്

ജൂൺ 27 ഹെലൻ കെല്ലർ ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അന്ധബധിര പുനരധിവാസ പദ്ധതി സംസ്ഥാനതല പരിശീലന കേന്ദ്രമായ ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ ഹെലൻ കെല്ലർ ദിനാചരണവും സമരിറ്റൻ വാർഷികാഘോഷവും സംഘടിപ്പി ക്കുന്നു. അന്ധബധിര വ്യക്തികളെയും അവരുടെ

കുടുംബാംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള സംസ്ഥാനതല വാർഷികാഘോ ഷത്തിൽ വിവിധ സംഘടനാ പ്രതിനിധികളും സാമൂഹ്യ പ്രവർത്തകരും പങ്കെടുക്കും. ജൂൺ 27 ബുധനാഴ്ച രാവിലെ 10 മണിയ്ക്ക് ആരംഭിക്കുന്ന ദിനാചരണത്തോടനുബന്ധിച്ച് സെമിനാർ, വിവിധ കലാപരിപാടികൾ, പൊതുസമ്മേളനം എന്നിവയും ക്രമീകരിച്ചിട്ടുണ്ട്.

## പിതൃദിനാചരണം സംഘടിപ്പിക്കുന്നു

ലോക പിതൃദിനത്തിന് മുന്നോടിയായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പിതൃദിനാചരണം സംഘടിപ്പിക്കുന്നു. കരുതലും കാവലുമാകുന്ന പിതാവിനോടുള്ള ആദരവും സ്നേഹവും തിരികെ നൽകുവാൻ സമൂഹത്തെ ഉത്ബോധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജൂൺ 10-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തൊടുപുഴ ചുങ്കം സെന്റ് മേരീസ് ചർച്ച് ഹാളിലാണ് ദിനാചരണം നടത്തപ്പെടുക. ദിനാചരണത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പുമായി സഹകരിച്ച് ലഹരി വിമുക്തിയുടെ സന്ദേശം പകർന്ന് നൽകുന്ന ബോധവൽക്കരണ തെരുവ് നാടകവും പൊതുസമ്മേളനവും പിതാക്കന്മാരെ ആദരിക്കലും നടത്തപ്പെടും.

## സൗഹൃദവേദി ഉഴവൂർ മേഖല സംഗമം ജൂൺ 17 ന്

സ്വാശ്രയസംഘങ്ങളിലൂടെ സമഗ്ര വികസനം എന്ന ലക്ഷ്യം മുൻനിർത്തി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃതമായിരിക്കുന്ന പുരുഷസ്വാശ്രയസംഘങ്ങളുടെ മേഖലാ സംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഉഴവൂർ മേഖലാ പുരുഷ സ്വാശ്രയസംഗമം ജൂൺ 17-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഉഴവൂർ സെന്റ് സ്റ്റീഫൻസ് ചർച്ച് പാരിഷ് ഹാളിൽ നടത്തപ്പെടും. സംഗമത്തോടനുബന്ധിച്ച് സെമിനാർ, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

## സ്മാർട്ട് ഗ്രൂപ്പുകളിൽ അംഗങ്ങളാകുവാൻ അവസരം

5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തന ഗ്രാമങ്ങളിൽ രൂപം നൽകിയിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പു

കളുടെ 2018-2019 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനോത്സവം ജൂലൈ മാസത്തിൽ നടത്തപ്പെടും. ജൂലൈ 30 വരെ സ്മാർട്ട് ഗ്രൂപ്പുകളിൽ അംഗങ്ങളാകുവാൻ അവസരം ഉണ്ടായിരിക്കും. കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന സ്മാർട്ട് ഗ്രൂപ്പുകളിൽ കുട്ടികളെ പങ്കാളികളാക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ.

## കെ. എസ്. എസ്. എസ് നോട്ട് ബുക്കുകൾ മിതമായ നിരക്കിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ കോളേജ് ആവശ്യങ്ങൾക്കായുള്ള നോട്ട് ബുക്കുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. ചേർപ്പുങ്കൽ അഗാപ്പെ ഭവനിൽ ഭിന്നശേഷിയുള്ളവരുടെ വരുമാനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന ബുക്ക് നിർമ്മാണ യൂണിറ്റിൽ നിന്നുമാണ് ഗുണമേന്മയുള്ള നോട്ടുബുക്കുകൾ ലഭ്യമാക്കുന്നത്. കൂടാതെ അറ്റൻഡൻസ് രജിസ്റ്റർ, നാലുവര ബുക്കുകൾ മുതലായവ ഓർഡർ അനുസരിച്ച് ലഭ്യമാക്കുന്നതാണ്. ഓർഡർ നൽകി 15 ദിവസത്തിനകം ബുക്കുകൾ ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ഓർഡർ നൽകുന്നതിനുമായി 9961033317 എന്ന നമ്പരിൽ ബന്ധപ്പെടുക.

## കെ. എസ്. എസ്. എസ് പോയവാരങ്ങളിൽ

### കർഷക സംഗമം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കർഷക സംഗമം സംഘടിപ്പിച്ചു. കടുത്തുരുത്തി പൂഴിക്കോൽ സെന്റ് മർത്താസ് സ്കൂൾ ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. പൂഴിക്കോൽ സെന്റ് ലൂക്ക്സ് ചർച്ച് വികാരി റവ. ഫാ. ജോസ് തറപ്പുതൊട്ടിയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ, മുളക്കുളം ഗ്രാമപഞ്ചായത്ത് മെമ്പർ സിറിയക് ജോസഫ്, പൂഴിക്കോൽ കർഷക സംഘം സെക്രട്ടറി ജോയി തോമസ് കാനാട്ട്, ഞീഴൂർ കർഷക സംഘം സെ

ക്രട്ടറി ജോൺ കെ.എം, അറുനൂറ്റിമംഗലം കർഷക സംഘം പ്രസിഡന്റ് ജോയി കണ്ണികുളം എന്നിവർ പ്രസംഗിച്ചു. സംഗമത്തിനോടനുബന്ധിച്ച് കുടുംബ മൂല്യങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിന് മോനിപ്പള്ളി എം.യു.എം ഹോസ്പിറ്റൽ ഡോക്ടർ സിസ്റ്റർ ധന്യ നേതൃത്വം നൽകി. കൂടാതെ കടുത്തുരുത്തി മേഖലയിലെ മികച്ച ജൈവ കർഷകനായ ഫിലിപ്പ് കുര്യനെ ചടങ്ങിൽ ആദരിച്ചു. സംഗമത്തിൽ നൂറോളം പേർ പങ്കെടുത്തു.

## ആരോഗ്യ സുരക്ഷ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരോഗ്യ സുരക്ഷ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. കുന്നങ്കരി ബെത്‌ലഹേം ചർച്ച് ഹാളിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് മെമ്പർ ഔസേപ്പ് ചെറുകാട് നിർവ്വഹിച്ചു. ഗ്രാമവികസന സമിതി പ്രസിഡന്റ് റവ. ഫാ. മാത്യു കണ്ണാലയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമതല പ്രസിഡന്റ് സജിനി ചാക്കോ, ഗ്രാമതല സെക്രട്ടറി ജോളിയമ്മ സിബിച്ചൻ, കോർഡിനേറ്റർ ആനി തോമസ് എന്നിവർ പ്രസംഗിച്ചു. സെമിനാറിന് സാമൂഹ്യ പ്രവർത്തകയായ ബിന്ദു തോമസ് നേതൃത്വം നൽകി. രോഗാവസ്ഥയെ തിരിച്ചറിയുന്നതിനും അവയെ ഉന്മൂലനം ചെയ്യുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്ത്രീകളുടെ അനുദിനജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനുമായിട്ടാണ് സെമിനാർ സംഘടിപ്പിച്ചത്. കെ.എസ്.എസ്.എസ് മലങ്കര മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറിൽ നൂറ്റിയിരുപത്തിയഞ്ചോളം പേർ പങ്കെടുത്തു.

## കെ.എസ്.എസ്.എസ് – മുട്ടക്കോഴി ഹൈടെക് കൂട് പദ്ധതിയുടെ രണ്ടാം ഘട്ട വിതരണം നടത്തി

ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മുട്ടക്കോഴി ഹൈടെക് കൂട് പദ്ധതിയുടെ രണ്ടാം ഘട്ട വിതരണം നടത്തി. കെ.എസ്.എസ്.എസ് പ്രവർത്തന ഗ്രാമങ്ങളിലെ സ്വാശ്രയസംഘാംഗങ്ങൾക്കായി നടപ്പിലാക്കുന്ന

പദ്ധതിയുടെ ഭാഗമായി ബിവി 380 ഇനത്തിൽപ്പെട്ട അമ്പത് ദിവസം പ്രായമുള്ള 25 കോഴികളും അമ്പത് കിലോഗ്രാം കോഴിത്തീറ്റയും മരുന്നും ഹൈടെക് കൂടുമാണ് ലഭ്യമാക്കുന്നത്. കടുത്തുരുത്തി മേഖലയിലെ വിവിധ ഗ്രാമങ്ങളിലാണ് കോഴിയും കൂടുമടങ്ങുന്ന യൂണിറ്റ് ലഭ്യമാക്കിയത്. പതിനയ്യായിരം രൂപ മുതൽമുടക്ക് വരുന്ന യൂണിറ്റ് സബ്സിഡിയോടുകൂടിയാണ് കെ.എസ്.എസ്.എസ് ലഭ്യമാക്കുന്നത്. കടുത്തുരുത്തി മേഖലയിലെ വിവിധ ഗ്രാമങ്ങളിലായി 40 യൂണിറ്റുകളാണ് വിതരണം ചെയ്തത്. പദ്ധതിയുടെ വിതരണോദ്ഘാടനം കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോനാ ചർച്ച് വികാരിയും കെ.എസ്.എസ്.എസ് ഗ്രാമവികസന സമിതി പ്രസിഡന്റുമായ റവ. ഫാ. മാത്യു മണക്കാട്ട് നിർവ്വഹിച്ചു. ഓഫീസ് സ്റ്റാഫ് സിജോ തോമസ്, കോർഡിനേറ്റർ മേഴ്സി സ്റ്റീഫൻ, അനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## മാതൃത്വത്തിന്റെ മഹനീയത വിളിച്ചോതി കെ.എസ്.എസ്.എസ് മാതൃദിനാഘോഷങ്ങൾ സംഘടിപ്പിച്ചു

മാതൃത്വത്തിന്റെ മഹനീയത വിളിച്ചോതി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ മാതൃദിനാഘോഷങ്ങൾ സംഘടിപ്പിച്ചു. കിടങ്ങൂർ മേഖലയുടെ നേതൃത്വത്തിൽ ചൈതന്യയിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജോയി മന്നാമല ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോർഡിനേറ്റർ ജിജി ജോയി എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് 'മാതൃത്വത്തിന്റെ മഹനീയത' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിന് കോട്ടയം ബി.സി.എം കോളജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. കൂടാതെ അമ്മമാരെ ആദരിക്കലും നടത്തപ്പെട്ടു. നൂറ്റമ്പതോളം പേർ പങ്കെടുത്തു. ചുങ്കം മേഖലയുടെ നേതൃത്വത്തിൽ തൊടുപുഴ ചുങ്കം സെന്റ് ജോസഫ് യു.പി സ്കൂൾ ഹാളിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം പി.ജെ ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ചുങ്കം ഗ്രാമവികസന സമിതി പ്രസിഡന്റ് റവ. ഫാ. ജോർജ്ജ് പുതു

പ്പറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് ചുങ്കം മേഖല പ്രസിഡന്റ് റവ. ഫാ. ഷാജി പൂത്തറ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, തൊടുപുഴ മുനിസിപ്പൽ കൗൺസിലർമാരായ ആർ. ഹരി, സുമ സ്റ്റീഫൻ, കെ.എസ്.എസ്.എസ് ചുങ്കം മേഖല സെക്രട്ടറി പ്രിയ രാജു, കോർഡിനേറ്റർ ലിസി ചാക്കോ എന്നിവർ പ്രസംഗിച്ചു. സെമിനാറിന് കോട്ടയം ബി.സി.എം കോളജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. കൂടാതെ അമ്മമാരെ ആദരിക്കലും നടത്തപ്പെട്ടു. ഇരുനൂറോളം പേർ ദിനാചരണത്തിൽ പങ്കെടുത്തു.

## 'മകൾക്കായി' ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആധുനികകാലഘട്ടത്തിൽ കുട്ടികളുടെ സുരക്ഷിതത്വവും അവരുടെ വളർച്ചയുടെ ഭാഗമായി അമ്മമാർ ശ്രദ്ധിക്കേണ്ട വിഷയങ്ങളെയും ആസ്പദമാക്കി 'മകൾക്കായി' എന്ന പേരിൽ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. പയസ്മൗണ്ട് ചർച്ച് ഹാളിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം ഉഴവൂർ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡ് മെമ്പർ ശാന്തി സജി നിർവ്വഹിച്ചു. ചടങ്ങിൽ സിസ്റ്റർ മരിയ എസ്.വി.എം അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഷൈല തോമസ് ക്ലാസ്സ് നയിച്ചു. കോർഡിനേറ്റർ മേരി ഫിലിപ്പ്, മേഖല അനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി. അമ്പതോളം പേർ പങ്കെടുത്തു.

## ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നയി റോഷ്നി പദ്ധതിയ്ക്ക് തുടക്കം കുറിച്ചു

കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നയി റോഷ്നി പദ്ധതിയ്ക്ക് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ ചൈതന്യയിൽ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരു മാനൂർ, പ്രോഗ്രാം കോർഡിനേറ്റർ ഹണി സെബാസ്റ്റ്യൻ, ബെസി ജോസ്, എന്നിവർ സന്നിഹിതരായിരുന്നു.

പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി. ന്യൂനപക്ഷ വിഭാഗത്തിൽ പ്പെട്ട വനിതകളുടെ ഉന്നമനവും മുഖ്യധാരാവത്ക്കരണവും ലക്ഷ്യമിട്ടാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം കെ.എസ്.എസ്.എസുമായി സഹകരിച്ച് നയി റോഷ്നി പദ്ധതി നടപ്പിലാക്കിയത്. പരിശീലനത്തിന്റെ ഭാഗമായി നേതൃത്വപാടവം, വിദ്യാഭ്യാസ ഉന്നമനം, വ്യക്തിശുചിത്വം, സ്വച്ഛ് ഭാരത്, സാമ്പത്തിക സാക്ഷരത, ജീവിത നൈപുണ്യങ്ങൾ, നിയമാവകാശം, കമ്പ്യൂട്ടർ സാക്ഷരത തുടങ്ങിയ വിവിധ വിഷയങ്ങളിലാണ് ക്ലാസ്സുകൾ നടത്തപ്പെട്ടത്. ക്ലാസ്സുകൾക്ക് വിദഗ്ദ്ധർ നേതൃത്വം നൽകി. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സ്റ്റൈഫന്റും നൽകി.

## കുടുംബശാക്തീകരണ പദ്ധതി പങ്കാളികളുടെ സംഗമം സംഘടിപ്പിച്ചു

നിർദ്ധന കുടുംബങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന കുടുംബശാക്തീകരണ പദ്ധതി അംഗങ്ങളുടെ സംഗമം സംഘടിപ്പിച്ചു. ചൈതന്യയിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലിൽ നിർവ്വഹിച്ചു. കോട്ടയം മുനിസിപ്പൽ കൗൺസിലർ റ്റി.സി റോയി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, പ്രോഗ്രാം കോർഡിനേറ്റർ ജിതിൻ എബ്രഹാം, സിസ്റ്റർ കത്രീന ഡി.സി.പി.ബി, ജാൻസി സന്തോഷ്, ബിൻസി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് പദ്ധതി പങ്കാളികളുടെ കർമ്മരേഖാ രൂപീകരണവും പ്രവർത്തന അവലോകനവും നടത്തപ്പെട്ടു. അടിസ്ഥാന സൗകര്യവികസനം, സ്വയം തൊഴിൽ സംരംഭകത്വ പ്രോത്സാഹനങ്ങൾ, വിദ്യാഭ്യാസ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ തുടങ്ങിയ വിവിധങ്ങളായ മേഖലകൾ കേന്ദ്രീകരിച്ചുള്ള സമഗ്ര വികസന മുന്നേറ്റ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നത്. സംഗമത്തിൽ പദ്ധതി പങ്കാളികളായ 90 പേർ പങ്കെടുത്തു.

## ശാസ്ത്ര സാങ്കേതിക ദിനാചരണം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയോൺമെന്റ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ശാസ്ത്ര സാങ്കേതിക ദിനാചരണം സംഘടിപ്പിച്ചു. ചൈതന്യയിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ സാമൂഹ്യ സേവന വിഭാഗമായ കാരിത്താസ് ഇൻഡ്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി നിർവ്വഹിച്ചു. കോട്ടയം അതിരൂപത വികാരി ജനറാളും കെ.എസ്.എസ്.എസ് പ്രസിഡന്റുമായ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഹണി സെബാസ്റ്റ്യൻ, കോർഡിനേറ്റർ ജിജി ജോയി എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തിന്റെ ഭാഗമായി 'ഇൻഡ്യയുടെ വളർച്ചയിൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പങ്ക്' എന്ന വിഷയത്തിൽ നടത്തപ്പെട്ട സെമിനാറിന് കോട്ടയം ബി.സി.എം കോളേജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് രൂപം നൽകിയിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പുകളിൽ നിന്നായി നൂറോളം കുട്ടികൾ ദിനാചരണത്തിൽ പങ്കെടുത്തു.

## പരിമിതികളെ മറന്ന് ജില്ലാ പോലീസ് മേധാവിയുമായി സംവദിച്ച് ഭിന്നശേഷിയുള്ള കുരുന്നുകൾ

വൈകല്യങ്ങളെ ഇച്ഛാശക്തിയോടെ നേരിട്ട് കൈവല്യങ്ങളാക്കി മാറ്റാമെന്ന നിശ്ചയദാർഢ്യത്തോടെ പോലീസിനെക്കുറിച്ചും പോലീസ് സംവിധാനങ്ങളെക്കുറിച്ചും ചോദിച്ച് മനസിലാക്കുവാൻ ഭിന്നശേഷിയുള്ള കുരുന്നുകൾ കോട്ടയം ജില്ലാ പൊലീസ് മേധാവിയുടെ ആസ്ഥാനത്ത് എത്തിച്ചേർന്നപ്പോൾ എസ്.പി വി.എം മുഹമ്മദ് റഫീക് ഐ.പി.എസും മറ്റ് പോലീസ് ഉദ്യോഗസ്ഥരും നിറമനസ്സോടെ അവരെ സ്വീകരിച്ചു. കോട്ടയം സോഷ്യൽ സർവ്വീ

സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായിട്ടാണ് ഭിന്നശേഷിയുള്ള കുരുന്നുകൾ കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസും ജനമൈത്രി പോലീസ് സ്റ്റേഷനും സന്ദർശിച്ചത്. ഭിന്നശേഷിയുള്ള കുരുന്നുകളുമായി സംവദിച്ച വി.എം. മുഹമ്മദ് റഫിക് ഐ.പി.എസ് പോലീസിനെക്കുറിച്ചും ജനമൈത്രി പോലീസ് സംവിധാനത്തെക്കുറിച്ചും വിശദമാക്കി. ഭിന്നശേഷിയുള്ളവർക്ക് പോലീസിന്റെ ഭാഗത്തുനിന്ന് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും കുട്ടികൾ ചോദിച്ച് മനസിലാക്കി. കൂടാതെ തങ്ങളുടെ കലാവാസനകൾ ജില്ലാ പോലീസ് മേധാവിക്ക് മുൻപിൽ കുട്ടികൾ അവതരിപ്പിക്കുകയും ചെയ്തു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, സി.ബി.ആർ സന്നദ്ധ പ്രവർത്തകർ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി. ഭിന്നശേഷിയുള്ളവർക്കായുള്ള സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച മിന്നാമിന്നി ക്യാമ്പിനോടനുബന്ധിച്ചാണ് ഭിന്നശേഷിയുള്ള കുട്ടികൾ ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയവും ജനമൈത്രി പോലീസ് സ്റ്റേഷനും സന്ദർശിച്ചത്. പോലീസ് സ്റ്റേഷനും പോലീസുകാരെയും കണ്ടതിന്റെയും ജില്ലാ പോലീസ് മേധാവിയുമായി സംസാരിച്ചതി ന്റെയും സന്തോഷത്തിലാണ് ഭിന്നശേഷിയുള്ള കുരുന്നുകൾ യാത്രയായത്. കുട്ടികൾക്ക് മധുരം നൽകിയാണ് ജില്ലാ പോലീസ് മേധാവി യാത്രയാക്കിയത്. രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച ക്യാമ്പിനോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ ക്ലാസ്സും പഠന യാത്രയും കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. ക്യാമ്പിന്റെ സമാപന സമ്മേളനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലിൽ ഉദ്ഘാടനം ചെയ്തു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, മുനിസിപ്പൽ കൗൺസിലർ ടി.സി റോയി എന്നിവർ സന്നിഹിതരായിരുന്നു. 60തോളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

## നിയമ അവബോധ സെമിനാർ സംഘടിപ്പിച്ചു

സംഘശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വാശ്രയ

സംഘാംഗങ്ങൾക്കായി നിയമ അവബോധ സെമിനാർ സംഘടിപ്പിച്ചു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കുടുംബശാ ക്തീകരണ പദ്ധതിയിലെ അംഗങ്ങളുടെ സംഗമത്തോട നുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് ഏറ്റുമാനൂർ സർക്കിൾ ഇൻസ് പെക്ടർ എ.ജെ തോമസ് നേതൃത്വം നൽകി. 90റോളം പേർ പങ്കെടുത്തു.

## ഗ്രൂപ്പ് ഭാരവാഹി സംഗമം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വ ത്തിൽ സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം മുൻനിർത്തി ചുങ്കം മേഖലയിലെ സ്വാശ്രയസംഘ ഭാരവാഹി സംഗമം സംഘടിപ്പിച്ചു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പു വരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മനിരതമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുമായാണ് ഭാരവാഹി സംഗമം സംഘടിപ്പിച്ചത്. സംഗമത്തിന്റെ ഉദ്ഘാടനം പി.ജെ ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ചുങ്കം ഗ്രാമവികസന സമിതി പ്രസിഡന്റ് റവ. ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് ചുങ്കം മേഖല പ്രസിഡന്റ് റവ. ഫാ. ഷാജി പൂത്തറ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, തൊടുപുഴ മുനിസിപ്പൽ കൗൺസിലർമാരായ ആർ. ഹരി, സുമ സ്റ്റീഫൻ, കെ.എസ്.എസ്.എസ് ചുങ്കം മേഖല സെക്രട്ട റി പ്രിയ രാജു, കോർഡിനേറ്റർ ലിസി ചാക്കോ എന്നിവർ പ്രസംഗി ച്ചു. സെമിനാറിന് കോട്ടയം ബി.സി.എം കോളജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ്, കോർഡിനേറ്റർമാരായ ബെസ്സി ജോസ്, മേഴ്സി സ്റ്റീഫൻ എന്നിവർ നേതൃത്വം നൽകി.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## വിള പരിപാലന പരിശീലന പരിപാടി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി വാതിൽമട കമ്മ്യൂണിറ്റി ഹാളിൽ വച്ച് വിള പരിപാലന പരിശീലന പരിപാടി സംഘടിപ്പിച്ചു. പയ്യാവൂർ കൃഷിഭവൻ കൃഷി ഓഫീസർ ബിജു ജോസഫ് ക്ലാസ്സ് നയിച്ചു. മണ്ണ്, ജലസംരക്ഷണം, മണ്ണിൽ കുമ്മായം ചേർക്കേണ്ടതിന്റെ ആവശ്യകത, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ തിരെഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, കുരുമുളക് ചെടികളിലെ ഇനങ്ങൾ, ഇവയുടെ പ്രത്യേകത, പരിപാലനം, പഴവർഗ്ഗച്ചെടികളുടെ സംരക്ഷണം, വളപ്രയോഗം, രോഗനിവാരണ മാർഗ്ഗങ്ങൾ ജൈവ കീടനാശിനികളുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങളും കൃഷിഭവൻ മുഖേന ലഭ്യമാക്കുന്ന വിവിധ ഗവൺമെന്റ് പദ്ധതികൾ തുടങ്ങിയ കാര്യങ്ങൾ ആളുകളെ ധരിപ്പിച്ചു. പ്രോഗ്രാമിൽ മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പള്ളിയിൽ സ്വാഗതവും കോഓർഡിനേറ്റർ റെനി സിബി നന്ദിയും പറഞ്ഞു. പ്രൊജക്റ്റ് ഓഫീസർ ജോബി ജോൺ, മനോജ് വി. എന്നിവർ നേതൃത്വം നൽകി. പരിശീലന പരിപാടിയിൽ കോളനിയിലെ 70 ആളുകൾ പങ്കെടുത്തു.

## ദേശീയ വിവരസാങ്കേതിക ദിനാചരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പയ്യാവൂർ സെന്റ് ആൻസ് പാരീഷ് ഹാളിൽ വച്ച് ദേശീയ വിവരസാങ്കേതിക ദിനാചരണം നടത്തി. പ്രോഗ്രാമിന്റെ ഉദ്ഘാടനം പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂപറമ്പിൽ നിർവ്വഹിച്ചു. കാരിത്താസ് മേഴ്സി ഹോസ്പിറ്റൽ ഡയറക്ടർ റവ ഫാ. ജോൺ പൂച്ചക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് അസി. ഡയറക്ടർ റവ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ സ്വാഗതവും മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പള്ളിയിൽ നന്ദിയും പറഞ്ഞു. ദേശീയ വിവരസാങ്കേതിക ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ ബോധവൽക്കരണ പരിപാടിക്ക് റിങ്കു നേതൃത്വം നൽകി.

പ്രോഗ്രാമിന്റെ ഭാഗമായി നടത്തിയ ഫുഡ് ഫെസ്റ്റിവലിൽ നുച്ചി യാട് യൂണിറ്റ് ഒന്നാം സ്ഥാനവും അലക്സ്നഗർ രണ്ടാം സ്ഥാനവും കണ്ടകശ്ശേരി യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.പരിപാടിയിൽ 120 സ്ത്രീകൾ പങ്കെടുത്തു. കോ ഓർഡിനേറ്റർ റെനി സിബി, മിസ്റ്റർ മനോജ്, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം വഹിച്ചു.

## മാതൃദിനാഘോഷം

കൊട്ടോടി, പകൽവീട്ടിൽ വച്ച് മുതിർന്ന മാതാപിതാക്കളോടൊപ്പം കൊട്ടോടി, മാസ്സ് യൂണിറ്റിലെ വനിതകളും സംയുക്തമായി മാതൃദി നാഘോഷം നടത്തി. ചുള്ളിക്കര സെന്റ് ജോസഫ് കോൺവന്റിലെ സുപ്പീരിയർ സി. സജിത എസ്. ജെ . സി. മാതൃത്വത്തിന്റെ മഹനീയ തയെക്കുറിച്ച് ക്ലാസ്സ് നയിക്കുകയും ആ വിഷയത്തെ ആസ്പദമാക്കി മാതാപിതാക്കളും യൂണിറ്റ് അംഗങ്ങളും തമ്മിൽ ഡിബേറ്റ് നടത്തു കയും വിവിധ തരത്തിലുള്ള മത്സരങ്ങൾ നടത്തുകയും നറുക്കെടു പ്പിലൂടെ ലക്കി മദറിനെ കണ്ടെത്തി. സമ്മാനത്തിനർഹയായത് മൗലീത്താ നാരമംഗലം ആണ്. കൊട്ടോടി, സെന്റ് സേവിയേഴ്സ് കോൺവന്റ് സുപ്പീരിയർ സി. ദീപ്തി സമ്മാന വിതരണം നടത്തു കയും ഏറ്റവും മുതിർന്ന മാതാവ് എല്ലാവർക്കുമായി മധുരം പങ്കു വയ്ക്കുകയും ചെയ്തു. പ്രസ്തുത പരിപാടിക്ക് സി. സ്നേഹ എസ്.ജെ സി. സ്വാഗതവും സി.ദീപ്തി സി. എഫ് . എം. ആശംസകൾ അർപ്പിക്കുകയും കോ ഓർഡിനേറ്റർ ആൻസി ജോസഫ് നന്ദിയും പറഞ്ഞു.

## അടുക്കളതോട്ടം

കൊട്ടോടി, മാസ്സ് യൂണിറ്റിന്റെ നേതൃത്തിൽ ഗ്രൂപ്പംഗങ്ങൾക്ക് വിഷ രഹിതമായ പച്ചക്കറി ഉൽപാദനത്തെപ്പറ്റിയും അടുക്കളതോട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി സി. സ്നേഹ എസ്.ജെ സി. പച്ചക്കറി വിത്ത് നൽകുകയും ചെയ്തു. പ്രസ്തുത പരിപാടിക്ക് ശ്രീമതി ആൻസി ജോസഫ് നേതൃത്വം നൽകി.

## കുടനിർമ്മാണ പരിശീലനം

കൊട്ടോടി, പകൽവീട്ടിൽ വച്ച് മുതിർന്ന മാതാപിതാക്കൾക്ക് സ്വയം തൊഴിലിന്റെ ഭാഗമായി മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന കുടനിർമ്മാണ

പരിശീനം നടത്തി. ഇരുപത്തിയഞ്ചോളം മുതിർന്ന മാതാപിതാക്കൾ പങ്കെടുക്കുകയും പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. ശ്രീമതി ആൻസി ജോസഫ് ആണ് ഇവരെ പരിശീലിപ്പിച്ചത്.

## നയി റോഷ്നി പദ്ധതി

കേന്ദ്ര നൂനപക്ഷ മന്ത്രാലയത്തിൻെ സഹായത്തോടെ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ ജില്ലയിലെ നൂനപക്ഷ വനിതകൾക്കായി ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു. പ്രസ്തുത പ്രോഗ്രാമിൻെ ഉദ്ഘാടനം കൊട്ടൂർവയൽ സെന്റ് ജോസഫ് പാരീഷ് ഹാളിൽ ശ്രീകണ്ഠാപുരം മുൻസിപ്പൽ ചെയർമാൻ പി. പി. രാഘവൻ ഉദ്ഘാടനം ചെയ്തു. കൊട്ടൂർവയൽ സെന്റ് ജോസഫ് പള്ളി വികാരി റവ ഫാ. ജോർജ്ജ് ഊന്നുകല്ലേൽ അദ്ധ്യക്ഷത വഹിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി ഫാ.ബിബിൻ കണ്ടോത്ത് സ്വാഗതം പറഞ്ഞു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപുള്ളിൽ നന്ദി പറഞ്ഞു. പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കൊട്ടൂർവയൽ, മടമ്പം, അലക്സ്നഗർ, പയ്യാവൂർ,കണ്ഠകശ്ശേരി, ചമതച്ചാൽ, നുച്ചിയാട് എന്നീ വില്ലേജുകളിലെ ന്യൂനപക്ഷത്തിൽപ്പെട്ട 25 സ്ത്രീകൾ അടങ്ങുന്ന 7 ബാച്ചിനാണ് പരിശീലനം നൽകിത്. ഇതു പ്രകാരം 175 വനിതകൾ പരിശീനലം നേടി. ലീഡർഷിപ്പ്, സ്ത്രീ സംരക്ഷണ നിയമങ്ങൾ ബാങ്കിംങ്ങ് ഡിജിറ്റൽ ഇന്ത്യ, സ്വച്ഛ ഭാരത് ,ന്യൂനപക്ഷങ്ങൾക്ക് ലഭ്യമാക്കുന്ന ഗവൺമെന്റ് സ്കീമുകൾ ആശയ വിനിമയം, വിവരാവകാശ നിയമം ആരേഗ്യം- ശുചിത്വം പോഷകാഹാരം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകുകയുണ്ടായി. വിവിധ വില്ലേജുകളിൽ നടത്തിയ പരിശീലന പരിപാടി അതാതു പ്രദേശത്തെ ജനപ്രതിനിധികൾ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി പ്രോഗ്രാമിന് കോ-ഓർഡിനേറ്റർ റെനി സിബി, മനോജ് വി, ആനിമേറ്റേഴ്സ് ഫെഡറേഷൻ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ഫാ. ബിബിൻ കണ്ടോത്ത്**
സെക്രട്ടറി, മാസ്സ്

# ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി

## പരിസ്ഥിതി ദിനത്തിൽ പത്തിനം ഫലവൃക്ഷങ്ങളുമായി ജി.ഡി.എസ്

സ്വാശ്രയ ഫലവൃക്ഷ ഗ്രാമങ്ങൾ എന്ന ലക്ഷ്യം മുൻനിത്തി സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ തയ്യാർ ചെയ്ത പത്തിനം ഫലവൃക്ഷതൈകൾ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരസ്പരം കൈമാറി പുരയിടത്തിലും തൊടിയിലും നട്ടുവളർത്തുന്നതിന് ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സംഘാംഗങ്ങൾ ഒന്നടങ്കം തീരുമാനിച്ചു. പദ്ധതിയുടെ ഉദ്ഘാടനം ജൂൺ അഞ്ചാം തീയതി രാവിലെ 10 മണിക്ക് മരിയ സദൻ അനിമേഷൻ സെന്ററിൽ നടത്തപ്പെടും. ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. റംബുട്ടാൻ, പുലസാൻ, അത്തി, മാങ്കോസ്റ്റിൻ, പേര, ചാമ്പ, നാരകം, ഫാഷൻ ഫ്രൂട്ട്, വിവിധയിനം മാവുകൾ, പ്ലാവുകൾ എന്നിവയാണ് ഫലവൃഷങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ദമ്പതീസംഗമങ്ങൾ നടത്തി

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പടമുഖം നാരകക്കാനം എന്നീ ഗ്രാമവികസന സമിതികളുടെ സഹകരണത്തോടെ സ്വാശ്രയ സംഘ ദമ്പതി സംഗമം നടത്തി. പടമുഖം ഗ്രാമത്തിൽ സംഘടിപ്പിച്ച സംഗമത്തിൽ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി വൈസ് പ്രസിഡന്റ് റവ. ഫാ. ബെന്നി കന്നുവെട്ടിയേൽ അദ്ധ്യക്ഷത വഹിച്ചു. ഗ്രീൻവാലി ഡവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജെയിംസ് വടക്കേക്കണ്ടങ്കരിയിൽ സംഗമം ഉദ്ഘാടനം ചെയ്തു. വാത്തുക്കുടി ഗ്രാമപഞ്ചായത്ത് മെമ്പർ അജീഷ് നെല്ലിപ്പുഴക്കുന്നേൽ, ബേബി ജോർജ്ജ്, റെജി കപ്പളങ്ങാട്ട്, മിനി ജോഷി തെങ്ങനാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു. സംഗമത്തോടനുബന്ധിച്ച് എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ലഭിച്ച മുൻ സ്മാർട്ട് ഗ്രൂപ്പംഗങ്ങളായ ശില്പ ഗിരീഷ്, മെൽബിൻ മരിയ സിബിച്ചൻ എന്നിവരെ ആദരിച്ചു. നാരകക്കാനത്ത് ന

ടത്തിയ സംഗമത്തിൽ ജിഡിഎസ് സെക്രട്ടറി റവ. ഫാ. ജെയിംസ് വടക്കേകണ്ടങ്കരിയിൽ അദ്ധ്യക്ഷത വഹിച്ചു. ഇടുക്കി എം.എൽ.എ റോഷി അഗസ്റ്റിൻ സംഗമം ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ്ജ് പള്ളിവാതുക്കൽ, മരിയാപുരം ഗ്രാമപഞ്ചായത്ത് അംഗം എൽസമ്മ ലൂക്കോസ്, ജോസഫ് പന്നയ്ക്കൽ, രാജു തോമസ്, ബിജു പൊരുന്നക്കോട്ട്, തങ്കച്ചൻ വേംബേനിയിൽ എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് ലെനിൻ പി. ജെ നേതൃത്വം നൽകി. കൂടാതെ വിവിധ മത്സരങ്ങളും സ്നേഹ വിരുന്നും സംഘടിപ്പിച്ചു. 250ൽ അധികം ദമ്പതികൾ പങ്കെടുത്തു.

## ജി. ഡി. എസ്. സ്റ്റാഫ് ദമ്പതീ സംഗമം നടത്തി

ജിഡിഎസ് സ്റ്റാഫ് അംഗങ്ങളും ജീവിത പങ്കാളികളും ഒരുമിച്ച് സ്റ്റാഫ് ദമ്പതി സംഗമം സംഘടിപ്പിച്ചു. മെയ് 14-ാം തീയതി മരിയസദൻ അനിമേഷൻ സെന്ററിൽ നടത്തപ്പെട്ട സംഗമത്തിൽ ജിഡിഎസ് വൈസ് പ്രസിഡന്റ് റവ. ഫാ. ബെന്നി കന്നുവെട്ടിയേൽ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ ജിഡിഎസ് സെക്രട്ടറി ഫാ. ജെയിംസ് വടക്കേകണ്ടങ്കരിയിൽ നിയുക്ത സെക്രട്ടറി റവ. ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ചിന്നമ്മ ചാക്കോ, സുജ ജോബി, ബേബി കൊല്ലപ്പള്ളി, സിറിയക് ജോസഫ് എന്നിവർ പ്രസംഗിച്ചു.

## തേനിച്ച വളർത്തൽ പരിശീലനം സംഘടിപ്പിച്ചു

തെള്ളിത്തോട് ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ സ്വാശ്രയ സംഘാംഗങ്ങൾക്കായി തേനീച്ച വളർത്തൽ പരിശീലനം നടത്തി. 20 പേർ പങ്കെടുത്തു.

**ഫാ. ജെയിംസ് വടക്കേകണ്ടങ്കരിയിൽ**

സെക്രട്ടറി

# ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ

## മാതൃദിനാചരണം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ അൽമായ വനിതാ സംഘടനയായ ക്നാനായ കത്തോലിക്കാ വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ മാതൃദിനാചരണം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് നിർവ്വഹിച്ചു. മാതൃസ്നേഹവും ത്യാഗവും അതുല്യമാണെന്നും ദൈവിക ഗുണങ്ങളായ ജീവൻ നൽകാനും സ്നേഹം നൽകാനുമുള്ള കഴിവ് സിദ്ധിച്ചിരിക്കുന്ന അമ്മമാരിലൂടെ ദൈവസ്നേഹം അനുഭവിച്ച് ആനന്ദം പങ്കുവയ്ക്കാൻ കഴിയണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. അമ്മമാരുടെ ജീവിത വിശുദ്ധി കുടുംബങ്ങളുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് വഴിയൊരുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ പ്രസിഡന്റ് ഡോ. മേഴ്സി ജോൺ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം അതിരൂപതാ വികാരി ജനറാളും കെ.സി.ഡബ്ല്യു.എ ചാപ്ലെയിനുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ആമുഖസന്ദേശം നൽകി. ‘ബൈബിളിലെ അമ്മമാർ’ എന്ന വിഷയത്തിൽ മുൻ ഡി.ജി.പി ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് മുഖ്യപ്രഭാഷണം നടത്തി. സിൻസി പാറേൽ, ജെസ്സി ചേറുപറമ്പിൽ, മേഴ്സി വെട്ടുകുഴി, ബീന നെടുംചിറ എന്നിവർ പ്രസംഗിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നായി അഞ്ഞൂറിലധികം വനിതകൾ പങ്കെടുത്തു.

## അതിരൂപതാതല വനിതാ ഷട്ടിൽ ടൂർണ്ണമെന്റ്

കെ.സി.ഡബ്ല്യു.എ അംഗങ്ങൾക്കായി വനിതാ ഷട്ടിൽ ടൂർണ്ണമെന്റ് ജൂൺ 23-ാം തീയതി അമലഗിരി ഷട്ടിൽ ക്ലബ്ബിൽ സംഘടിപ്പിക്കുന്നു. കെ.സി.ഡബ്ല്യു.എയുടെ ഫൊറോനതലത്തിൽ വിജയിച്ചു വരുന്ന വനിതകൾ ടൂർണ്ണമെന്റിൽ പങ്കെടുക്കും.

കെ.സി.ഡബ്ല്യു.എ അംഗങ്ങൾക്കായി ഏകദിനധ്യാനം തൂവാനിസായിൽ സെപ്റ്റംബർ 7 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ

കെ.സി.ഡബ്ല്യു.എ അംഗങ്ങൾക്കായി കോതനല്ലൂർ തൂവാനിസാ പ്രാർത്ഥനാലയത്തിൽ ഏകദിന ധ്യാനം സംഘടിപ്പിക്കുന്നതാണ്.

## ഏകദിനധ്യാനം തൂവാനിസായിൽ

സെപ്റ്റംബർ 7 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കെ.സി. ഡബ്ല്യു.എ അംഗങ്ങൾക്കായി കോതനല്ലൂർ തൂവാനിസാ പ്രാർത്ഥ നാലയത്തിൽ ഏകദിന ധ്യാനം സംഘടിപ്പിക്കുന്നതാണ്.

## കെ.സി.ഡബ്ല്യു.എ ഫൊറോന നേതൃസംഗമങ്ങൾ

ഫൊറോന തലത്തിൽ കെ.സി.ഡബ്ല്യു.എയുടെ എല്ലാ യൂണിറ്റ് ഫൊറോന ഭാരവാഹികളെയും ഉൾപ്പെടുത്തി നേതൃസംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഫൊറോന ചാപ്ലെയിൻമാരും രൂപതാ ഭാരവാ ഹികളും സംഗമങ്ങളിൽ പങ്കെടുക്കും. ക്നാനായ സമുദായ അവ ബോധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതോടൊപ്പം കെ.സി.ഡബ്ല്യു. എയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനായുമാണ് സംഗമ ങ്ങൾ സംഘടിപ്പിക്കുന്നത്.

## കെ.സി.ഡബ്ല്യു.എ 'പുണ്യഭൂമിയിലൂടെ' തീർത്ഥയാത്ര സംഘടിപ്പിക്കുന്നു

കോട്ടയം അതിരൂപതയുടെ അൽമായ സംഘടനയായ ക്നാനായ കത്തോലിക്കാ വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ പുണ്യ ഭൂമിയിലൂടെ തീർത്ഥയാത്ര ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കു ന്നു. പ്രേഷിത കുടിയേറ്റത്തിന് നേതൃത്വം നൽകിയ ക്നായി തോമയുടെയും സംഘാംഗങ്ങളുടേയും പാദസ്പർശമേറ്റ കൊടു ങ്ങല്ലൂരിലെയും കോട്ടപ്പുറത്തെയും വിവിധ പ്രദേശങ്ങളിലേക്കാണ് തീർത്ഥയാത്ര  ഒരുക്കിയിരിക്കുന്നത്.

## സമ്മാനക്കൂപ്പൺ വിജയികൾ

കെ.സി.ഡബ്ല്യു.എ ഫണ്ട് ശേഖരണാർത്ഥം പുറത്തിറക്കിയ സമ്മാ നക്കൂപ്പണിന്റെ നറുക്കെടുപ്പ് മാതൃദിനാചരണത്തോടനുബന്ധിച്ച് നടത്തപ്പെട്ടു. മിനി ജോയി പെരികലത്തിൽ മാറിടം, ലൂസി സ്റ്റീഫൻ മഠത്തിൽ കല്ലറ, ജോസ് കവത്താൻ മേമ്മുറി, മിനി ജോൺ പുല്ലാട്ടു കാലായിൽ കൈപ്പുഴ, അലീന ജോർജ്ജ് മുളയ്ക്കൽ മാറിക, ഏലി

തോമസ് അപ്പോഴിപറമ്പിൽ മേമ്മുറി, ജോമോൻ തോപ്പിൽ, അല്ലെഗ്ര പാലായിൽ പൂഴിക്കോൽ, നീമ അബു അമ്പലത്തുങ്കൽ കോട്ടയം, സുകുമാരൻ വി.എൻ, മഹാരാജാസ് കോളേജ് എറണാകുളം എന്നിവർ യഥാക്രമം ഒന്നുമുതൽ പത്ത് വരെയുള്ള സമ്മാനങ്ങൾക്ക് അർഹരായി.

**സിൻസി പാറേൽ**
സെക്രട്ടറി

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**മെയ് 2018**

05 കാരിത്താസ് ദേവാലയത്തിൽ വി. ബലിയർപ്പിക്കുകയും കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാന കർമ്മത്തിൽ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

06 ഏറ്റുമാനൂർ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

08 തൂവാനീസയിൽ നടന്ന സീലോഹ പ്രോഗ്രാമിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

\- കെ.സി.ഡബ്ല്യു.എ. അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ചൈതന്യയിൽ നടന്ന മദേഴ്സ് ഡേ ആഘോഷത്തിൽ പങ്കെടുത്തു.

09 പി.ഒ.സി.യിൽ കൂടിയ പി.ഒ.സി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

\- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയ പെർമനന്റ് സിനഡിൽ സംബന്ധിച്ചു.

10 ചൈതന്യയിൽ നടന്ന ക്നാനായ സ്റ്റാർസ് മീറ്റിംഗിൽ പങ്കെടുത്തു.

10–12 പീരുമേട് മരിയഗിരി സ്കൂളിൽ നടന്ന മേജർ സെമിനാരിക്കാരുടെ ക്യാമ്പിൽ പങ്കെടുത്തു.

11 പീരുമേട് മരിയാഗിരി ചാപ്പലിൽ വി. ബലിയർപ്പിക്കുകയും സെമിനാരിക്കാർക്ക് ഡീക്കൻ പട്ടവും ചെറുപട്ടങ്ങളും നൽകുകയും ചെയ്തു.

12 എസ്.എച്ച്. മൗണ്ട് ദേവാലയത്തിൽ വി. ബലിയർപ്പിക്കുകയും വിസിറ്റേഷൻ സന്ന്യാസിനി സമൂഹത്തിലെ സന്യാസിനിമാരുടെ വ്രതവാഗ്ദാന കർമ്മത്തിൽ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

13 തൃശൂർ നടന്ന സീറോ മലബാർ കത്തോലിക്ക കോൺഗ്രസിന്റെ ജന്മശതാബ്ദി ആഘോഷത്തിൽ പങ്കെടുത്തു.

15 ചൈതന്യയിൽ കൂടിയ ചൈതന്യ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

17 ചൈതന്യയിൽ കൂടിയ അതിരൂപത വൈദീക സമിതിയുടെയും പാസ്റ്ററൽ കൗൺസിലിന്റെയും സംയുക്ത മീറ്റിംഗിൽ പങ്കെടുത്തു.

19 ചുള്ളിയോട് ഇടവകാംഗം നിര്യാതനായ ആലയ്ക്കൽ മത്തായിയുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

20 മാന്നാനം ദേവാലയത്തിന്റെ രജതജൂബിലി സമാപനത്തിൽ മാന്നാനം ഇടവകയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

\- ഉഴവൂർ നടന്ന വെട്ടുകല്ലേൽ ബഹു. മത്തായി അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വി. കുർബാന മദ്ധ്യേ സന്ദേശം നൽകി.

21 ദീപികയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കർഷകജാഥയുടെ കോട്ടയത്തെ സമാപനത്തിൽ പങ്കെടുത്തു.

23 ബാംഗ്ലൂരിൽ വല്ലംബ്രോസൻ ബനഡിക്റ്റൈൻ സിസ്റ്റേഴ്സിന്റെ സഭാ വസ്ത്ര സ്വീകരണകർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

26 സ്വിറ്റ്സർലണ്ടിലെ സൂറിച്ചിൽ നടന്ന ക്നാനായ മീറ്റിംഗിൽ പങ്കെടുത്തു.

27 ഫ്ളോറൻസിലെ പരിശുദ്ധ ത്രിത്വത്തിന്റെ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു.

28 റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷനുമായുള്ള അഭിമുഖത്തിൽ പങ്കെടുത്തു.

31 പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ വി. ബലിയർപ്പിക്കുകയും സെമിനാരിക്കാരുടെ സഭാവസ്ത്ര സ്വീകരണത്തിൽ പങ്കെടുക്കുകയും ചെയ്തു.

**ജൂൺ**

01 കോട്ടയം അതിരൂപത വൈദികനും കണ്ണങ്കര ഇടവകാംഗവുമായ നിര്യാതനായ ഇടത്തിപ്പറമ്പിൽ ബഹു. സൈമണച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

03 കൊല്ലം രൂപത നിയുക്ത മെത്രാൻ മോൺ. പോൾ ആന്റണി മുല്ലശേരിയുടെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**June 2018**

04-07 KCBC at POC.

08 Permanent Synod at Kakkanad.

09 Holy Qurbana and Golden Jubilee Celebrations of Caritas Sisters at Caritas.

10 Pastoral Visit at Edakkoly.

11 Holy Qurbana at SVM Generalate, S.H. Mount.

- Holy Qurbana and Academic Year Inauguration at Minor Seminary, S.H. Mount.

12 Bi-monthly of Priests’ at Chaithanya.

13 Mar Kuriakose Kunnacherry Memorial Mobility Cabs Donation Function at General Hospital, Kottayam.

14 Holy Qurbana and First Death Anniversary of Mar Kuriakose Kunnacherry at Christ the King Cathedral, Kottayam.

16 Excellence Award to students at St. Anne's Higher Seconday School, Kottayam.
17 Pastoral Visit at Pius Mount.
24 Pastoral Visit at Kattachira.
30 Navathy Celebrations of St. Joseph's Congregation at Kaipuzha.

**July**

01 Pastoral Visit at Karippadom.

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**മെയ് 2018**

5 ലണ്ടൻ & കെന്റ് ക്നാനായ മിഷ്യനിലെ തിരുനാളിൽ വി. കുർബാന അർപ്പിച്ചു.
6 ബെർമിംഗ്ഹാമിലെ യു.കെ.കെ.സി.എ. നാഷണൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.
12,13 ഇറ്റലിയിലെ കെ.സി.വൈ.എൽ. ക്യാമ്പിൽ പങ്കെടുത്തു.
16 മാലക്കല്ല് ഇടവക ഡീക്കൻ അനൂപ് പൂതമ്പാറ OFM Cap ന് പുരോഹിത പട്ടം നല്കി.
17 ചൈതന്യയിൽ വിളിച്ചു ചേർത്ത പ്രസ്ബിറ്ററൽ-പാസ്റ്ററൽ സംയുക്തമീറ്റിംഗിൽ സംബന്ധിച്ചു.
18 ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ മലബാർ റീജിയൺ ജീസസ് യൂത്ത് മീറ്റിംഗിൽ സംബന്ധിച്ചു.
19, 20 കാനംവയൽ ഇടവകയിൽ ഇടയസന്ദർശനം നടത്തി.
24 ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട മലബാർ റീജിയൺ ഐ.സി.എസ്.ഇ. സ്കൂളുകളിലെ മാനേജർ & പ്രിൻസിപ്പൽ എന്നിവരുടെ മീറ്റിംഗിൽ സംബന്ധിച്ചു.
26 അലക്സ് നഗറിൽ കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ സഹോദരിമാർ പുതുതായി പണിയുന്ന ഭവനത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചു.

26, 27 അലക്സ് നഗർ പള്ളിയിൽ ഇടയസന്ദർശനം നടത്തി.

29 ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട മലബാർ റീജിയൺ വിശ്വാസപരിശീലന പ്രഥമാധ്യാപകരുടെ മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

30 ബറുമറിയം പാസ്റ്ററൽ സെന്ററിൽ വിളിച്ചുചേർത്ത കെ.സി.വൈ.എൽ. മലബാർ റീജിയൺ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

– ശ്രീപുരം സ്കൂളിലെ സ്റ്റാഫ് മീറ്റിംഗിൽ സംബന്ധിച്ചു.

31 രാജപുരം പയസ് ടെൻത് കോളജിലെ പ്രിൻസിപ്പൽ തോമസ് മാത്യുവിന്റെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു.

**ജൂൺ**

1 കണ്ണങ്കര ഇടവക നിര്യാതനായ ബഹു. ഇടത്തിപ്പറമ്പിൽ സൈമണച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു.

3 ഇടയ്ക്കാട്ട് പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

– കൊല്ലം രൂപതയിലെ നിയുക്ത ബിഷപ്പ് മോൺ. പോൾ മുല്ലശ്ശേരിയുടെ മെത്രാഭിഷേകകർമ്മത്തിൽ സംബന്ധിച്ചു.

# ENGAGEMENTS

## Mar Joseph Pandarasseril

## June 2018

5-7 KCBC at POC.

9 Holy Qurbana at Rajapuram for the Carismatic Kasargod Team.

14 Requiem Mass for late Abp. Mar Kuriakose Kunnacherry at Cathedral Kottayam.

16 Inauguration of CML Pravarthanolsavam at Barmariam, Kannur.

19,20 Bi-monthly of Priests' in Malabar Region at Barmariam Kannur.

23 Malabar Region Trustees & Accountants at Barmariam Kannur.

23,24 Pastoral Visit at Panniyal.

**July**

1 Holy Qurbana and Inauguration of Catechtsm Teachers Seminar at Thuvanisa.

## പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
## മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

## പുരോഹിതനും പുരോഹിതശുശ്രൂഷയും

**(തിരുവചനഭാഗം: ശ്ലീഹ 4, 1–37)**

പത്രോസും യോഹന്നാനും ജറുസലേം ദൈവാലയത്തിന്റെ സുന്ദരകവാടത്തിങ്കൽ നടത്തിയ അത്ഭുതവും അതേത്തുടർന്ന് പത്രോസ് നടത്തിയ പ്രസംഗവും അനേകരെ ആകർഷിച്ചു. സഭാംഗങ്ങളാകുവാൻ അത് അനേകർക്കു പ്രചോദനമായി. തുടക്കത്തിൽ മൂവായിരമായിരുന്ന സഭാംഗങ്ങളുടെ സംഖ്യ അയ്യായിരമായി എന്നാണ് ഈ അദ്ധ്യായത്തിൽ നാം വായിക്കുന്നത്: "അവരുടെ വചനം കേട്ടവരിൽ അനേകർ വിശ്വസിച്ചു. അവരുടെ സംഖ്യ അയ്യായിരത്തോളമായി" (4,4). സഭയുടെ വളർച്ചയുടെ ആരംഭദശയിൽ ശ്ലീഹന്മാർക്ക് രാഷ്ട്രീയ അധികാരികളിൽനിന്നുണ്ടായ എതിർപ്പും അതിന്റെ ഫലമായി പത്രോസും യോഹന്നാനും അറസ്റ്റു ചെയ്യപ്പെടുകയും ഭീഷണിപ്പെടുത്തപ്പെടുകയും ചെയ്തപ്പോൾ, അവർ വിശ്വാസികളുടെ സമൂഹവുമായി ബന്ധപ്പെടുകയും അവർ പ്രാർത്ഥിച്ച് ശ്ലീഹന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. അഞ്ചു ഭാഗങ്ങളായി ഈ അദ്ധ്യായത്തെ തിരിക്കാം.

1. 4,1–4 ശ്ലീഹന്മാരെ അറസ്റ്റു ചെയ്യുന്നു
2. 4,5–12 സാൻഹെദ്രീൻസംഘത്തിനുമുമ്പിൽ ശ്ലീഹന്മാരുടെ

സാക്ഷ്യം

3. 4,13-22 അധികാരികളുടെ നിസ്സഹായാവസ്ഥ
4. 4,23-31 പ്രാർത്ഥനയിൽ ശക്തി പ്രാപിക്കുന്ന സമൂഹം
5. 4,32-37 ഒരു ഹൃദയവും ഒരാത്മാവുമായ സമൂഹം

ശ്ലൈഹികശുശ്രൂഷയുടെയും സഭാഗാത്രനിർമ്മാണത്തിന്റെയും തുടർച്ചയാണ് പൗരോഹിത്യശുശ്രൂഷ. അതുകൊണ്ട് ഈ ഭാഗത്തെ ആധാരമാക്കിയുള്ള വചനവിചിന്തനങ്ങൾ പൗരോഹിത്യശുശ്രൂഷയ്ക്ക് പ്രചോദനമാകും.

**1. പുരോഹിതശുശ്രൂഷയും രക്തസാക്ഷിത്വവും**

"*അവർ ജനത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പുരോഹിതന്മാരും ദൈവാലയ സേനാധിപനും സദുക്കായരും അവർക്കെതിരേ ചെന്നു. ... അവർ അവരെ പിടികൂടി, സന്ധ്യയായതുകൊണ്ട്, അടുത്ത ദിവസംവരെ കാരാഗൃഹത്തിൽ സൂക്ഷിച്ചു.*" (4,1.3).

ദൈവാലയകവാടത്തിൽ മുടന്തനെ സുഖപ്പെടുത്തിയ അത്ഭുതത്തെത്തുടർന്ന് പത്രോസും യോഹന്നാനും ജനത്തോടു സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നു. മരിച്ചവരുടെ ഉത്ഥാനമായിരുന്നു അവരുടെ പ്രസംഗത്തിന്റെ പ്രധാനവിഷയം. അത് ഈശോയുടെ ഉത്ഥാനത്തിന്റെ അടിസ്ഥാനത്തിലുമായിരുന്നു (4,2): "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). സുവിശേഷപ്രഘോഷണത്തിന്റെയും അതിന്റെ ഫലമായി സംജാതമാകുന്ന സഭാവിശ്വാസത്തിന്റെയും അടിസ്ഥാനം മിശിഹായുടെ ഉത്ഥാനവും നമ്മുടെ ഉത്ഥാനവുമാണ്. മിശിഹാ ഉത്ഥാനംചെയ്തു എന്നതിന്റെ തെളിവാണ്, അവിടുത്തെ നാമത്തിൽ അഥവാ അരൂപിയിലൂടെ അവിടുത്തോടുള്ള ഐക്യത്തിൽ ശ്ലീഹന്മാരിലൂടെ നടക്കുന്ന അത്ഭുതങ്ങൾ. അതുപോലെതന്നെ ഈശോ പാപത്തെയും അതിന്റെ ഫലമായ മരണത്തെയും ജയിച്ച് നമ്മെ രക്ഷിച്ചതുകൊണ്ട് നമുക്കും പാപത്തെയും മരണത്തെയും ജയിച്ച് രക്ഷ പ്രാപിക്കാൻ കഴിയുമെന്നുള്ള ഉറപ്പും ഉത്ഥിതനായ മിശിഹാ നമുക്കു നല്കുന്നു (1 കൊറി 15,15-16). ഈ സുവിശേഷപ്രഘോഷണമാണ് സഭയോടുചേരാൻ അനേകർക്കു പ്രചോദനമായത് (ശ്ലീഹ 4,4). നമ്മുടെ പുരോഹിതശുശ്രൂഷയുടെ

പ്രഥമദൗത്യവും ഈ സുവിശേഷപ്രഘോഷണംതന്നെയാണ്.

ഇപ്രകാരമുള്ള സുവിശേഷപ്രഘോഷണം അനേകരെ മിശിഹായിലുള്ള വിശ്വാസത്തിലേക്കും സഭാംഗത്വത്തിലേക്കും ആകർഷിക്കുന്നുവെന്നു കണ്ടപ്പോൾ പുരോഹിതന്മാരും ദൈവാലയ സേനാധിപനും സദുക്കായരും ശ്ലീഹന്മാർക്കെതിരേ ചെന്നു (4,1). ഈ സാഹചര്യം അവരെ വളരെ അസ്വസ്ഥരാക്കി (4,2). അതുകൊണ്ട് അവർ ശ്ലീഹന്മാരെ പിടികൂടി, കാരാഗൃഹത്തിലടച്ചു (4,2-3). സുവിശേഷപ്രഘോഷണവും അതിലൂടെയുള്ള സഭാവളർച്ചയും വിശ്വാസികളല്ലാത്ത രാഷ്ട്രീയ അധികാരികളുടെ എതിർപ്പിനും പീഡനത്തിനും കാരണമാകുമെന്നുള്ളതിന് ചരിത്രം സാക്ഷിയാണ്. സഭയുടെ ആരംഭം മുതൽ ഇന്നുവരെയുള്ള ചരിത്രം അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. പത്രോസും യോഹന്നാനും ഇത് പ്രതീക്ഷിച്ചിരുന്നിരിക്കണം. കാരണം ഈശോയിൽനിന്നും അവർ ഇതു കേട്ടിരുന്നു (യോഹ 15,18-21). ശിഷ്യത്വത്തിലേക്കുള്ള വിളി രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണ്. പത്രോസിനോടും യോഹന്നാനോടും ഈശോ പറഞ്ഞ വാക്കുകൾ ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 21,18-23). മരണത്തിലൂടെയുള്ള പത്രോസിന്റെ രക്തസാക്ഷിത്വമാണ് ഈശോ പ്രവചിച്ചതെങ്കിൽ ജീവിതത്തിലൂടെയുള്ള യോഹന്നാന്റെ രക്തസാക്ഷിത്വമാണ് അവിടുന്നു പ്രവചിച്ചത്. പുരോഹിതന്റെ വിളി ശിഷ്യത്വത്തിലേക്കുള്ള വിളിയാണ്. അത് അവശ്യം രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണ്. പുരോഹിതശുശ്രൂഷയിൽ എതിർപ്പുകളെ നേരിടേണ്ടിവരുമ്പോൾ ഈ ബോദ്ധ്യം നമ്മെ ശക്തിപ്പെടുത്തണം.

**2. പുരോഹിതശുശ്രൂഷയും ആധികാരികതയും**

"*ശ്ലീഹന്മാരെ അവർ തങ്ങളുടെ മധ്യത്തിൽ നിർത്തി ഇങ്ങനെ ചോദിച്ചു: എന്തധികാരത്താലാണ്, അഥവാ ആരുടെ നാമത്തിലാണ് നിങ്ങൾ ഇതു പ്രവർത്തിച്ചത്? അപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പത്രോസ് അവരോടു പറഞ്ഞു: .... നിങ്ങളും ഇസ്രായേൽജനം മുഴുവനും ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ കുരിശിൽ തറച്ചുകൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസറായനായ ഈശോ മിശിഹായുടെ നാമത്തിലാണ് ഈ മനുഷ്യൻ സുഖംപ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നില്ക്കുന്നത്*" (4,7-8.10).

ഈശോയെ വിസ്തരിക്കുകയും മരണത്തിനു വിധിക്കുകയും ചെയ്ത യഹൂദ ഉന്നതാധികാരസമിതിതന്നെയാണ് പത്രോസിനെയും യോഹന്നാനെയും തങ്ങളുടെ മധ്യത്തിൽ നിർത്തി ചോദ്യം ചെയ്തത് (4,5-7). മുടന്തന് അത്ഭുതകരമായ രോഗശാന്തി നല്കിയതിനെപ്പറ്റിയാണ് അവർ ശ്ലീഹന്മാരെ ചോദ്യംചെയ്തത്: "എന്തധികാരത്താലാണ്, അഥവാ ആരുടെ നാമത്തിലാണ് നിങ്ങൾ ഇതു പ്രവർത്തിച്ചത്?" (4,7). അപ്പോൾ പത്രോസ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവരോടു മറുപടി പറയുന്നു (4,8). ഉത്ഥിതനായ ഈശോ ശ്ലീഹന്മാർക്ക് വാഗ്ദാനംചെയ്ത ആധികാരികതയോടുകൂടിയും അതേപ്പറ്റിയുമാണ് പത്രോസ് അവർക്കു മറുപടി കൊടുക്കുന്നത്: "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (1,8). അവർ കുരിശിൽ തറച്ചുകൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത ഈശോമിശിഹായുടെ നാമത്തിലാണ് അവർ ഈ അത്ഭുതം പ്രവർത്തിച്ചതെന്ന് പത്രോസ് വ്യക്തമായി പറഞ്ഞു (4,10).

'ഈശോയുടെ നാമത്തിൽ' എന്നു പറഞ്ഞാൽ 'ഈശോയുമായുള്ള ഐക്യത്തിൽ' എന്നാണർത്ഥം. പ്രാർത്ഥനയെപ്പറ്റി ഈശോ ശിഷ്യന്മാരോടു പറയുന്ന വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്. "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവു പുത്രനിൽ മഹത്ത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" എന്ന് യോഹ 14,13-14 ൽ പറയുമ്പോൾ, യോഹ 15,7 ൽ ഇപ്രകാരം പറയുന്നു: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും". അരൂപിയിലൂടെ ഈശോയുമായി ഐക്യം പുലർത്തുമ്പോഴാണ് നമുക്ക് ഈശോയുടെ നാമത്തിൽ സംസാരിക്കാനും പ്രവർത്തിക്കാനുമുള്ള ആധികാരികത ലഭിക്കുന്നത്. പുരോഹിതന് തന്റെ ശുശ്രൂഷയിലുണ്ടായിരിക്കേണ്ട ആധികാരികത ഇപ്രകാരമുള്ള ഒന്നാണ്. ഉത്ഥിതനായ,

ജീവിക്കുന്ന മിശിഹായുമായി മനസ്സിന്റെയും ഹൃദയത്തിന്റെയും ഐക്യത്തിൽ ജീവിച്ചുകൊണ്ട്, അവിടുത്തെ ആധികാരികതയോടു കൂടെ പുരോഹിതശുശ്രൂഷ നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ പുരോഹിതനു കഴിയണം.

**3. പുരോഹിതശുശ്രൂഷ: ദൈവത്തെ അനുസരിക്കുന്ന ശുശ്രൂഷ**

"*അവർ അവരെ വിളിച്ച് ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കല്പിച്ചു. പത്രോസും യോഹന്നാനും അവരോടു മറുപടി പറഞ്ഞു: ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾത്തന്നെ വിധിക്കുവിൻ*" (4,18-19).

സുഖംപ്രാപിച്ച മനുഷ്യൻ അവരുടെ സമീപത്തു നില്ക്കുന്നതുകൊണ്ട് അധികാരികൾക്ക് പത്രോസിനോടും യോഹന്നാനോടും ഒന്നും എതിർത്തു പറയുവാനോ ചെയ്യുവാനോ കഴിഞ്ഞില്ല (4,14). അടയാളങ്ങളോടുകൂടി സുവിശേഷപ്രഘോഷണം നടത്തേണ്ടതിന്റെ ആവശ്യകതയാണ് ഇതു വ്യക്തമാക്കുന്നത്. സുവിശേഷത്തിൽ അത്ഭുതങ്ങളെയാണ് പ്രധാനമായും അടയാളങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. അത്ഭുതങ്ങളെ 'അടയാളങ്ങൾ' എന്നു വിശേഷിപ്പിക്കുവാൻ കാരണം അവ അദൃശ്യനായ ദൈവത്തിന്റെ സാന്നിദ്ധ്യവും സ്നേഹവും വെളിപ്പെടുത്തുന്നതുകൊണ്ടാണ്. ഈശോയുടെ അത്ഭുതങ്ങളെല്ലാം സ്നേഹസ്പർശനങ്ങളായിരുന്നു. കേവലം അസാധാരണത്വമല്ല, മറിച്ച്, മനുഷ്യസാധാരണമല്ലാത്ത, ദൈവികമായ അസാധാരണസ്നേഹമാണ് ഈശോയുടെ അത്ഭുതങ്ങളെ അടയാളങ്ങളാക്കിത്തീർത്തത്. അപ്രകാരമുള്ള അടയാളങ്ങളാണ് സുവിശേഷപ്രഘോഷണത്തോടൊപ്പം ഉണ്ടായിരിക്കുമെന്ന് ഈശോ വാഗ്ദാനം ചെയ്തതും (മർക്കോ 16,17-18.20). സഭാസമൂഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം ഇപ്രകാരമുള്ള അടയാളങ്ങളാണ്; ആവണം. അപ്രതിരോധ്യമായ സുവിശേഷപ്രഘോഷണത്തിന്റെ അടയാളങ്ങളാവണം.

പ്രതിരോധിക്കാൻ കഴിയാത്ത ഒരു നിസ്സഹായാവസ്ഥ ഉണ്ടായപ്പോൾ യഹൂദനേതൃത്വം പത്രോസിനെയും യോഹന്നാനെയും വിളിച്ച് ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കല്പിച്ചു (4,18). അപ്പോൾ പത്രോസും

യോഹന്നാനും മറുപടിയായി അവരോടു പറഞ്ഞു: "ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾതന്നെ വിധിക്കുവിൻ. എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (4,19-20). ശ്ലീഹന്മാരുടെ മിശിഹാനുഭവമാണ് മനുഷ്യരെക്കാളുപരി ദൈവത്തെ അനുസരിക്കുവാൻ അവരെ പ്രാപ്തരാക്കിയത്. തന്റെ ശ്ലൈഹികമായ അനുഭവം യോഹന്നാൻ വിവരിക്കുന്നത് ഇപ്രകാരമാണ്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ 1,1). അതുകൊണ്ട് ശ്ലീഹന്മാർക്കടുത്ത മിശിഹാനുഭവത്തെത്തന്നെയാണ് പത്രോസ്ശ്ലീഹാ ഇവിടെ പരാമർശിക്കുന്നത്. പുരോഹിതരുടെ മിശിഹാനുഭവമായിരിക്കണം മനുഷ്യരെക്കാളുപരി ദൈവത്തെ അനുസരിക്കുന്നവരായി പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ അവരെ പ്രാപ്തരാക്കേണ്ടത്. മിശിഹാരഹസ്യമാണല്ലോ പുരോഹിതൻ അനുദിനം പരികർമ്മം ചെയ്യുന്നത്. ദിവ്യരഹസ്യങ്ങൾ പരികർമ്മംചെയ്യുന്ന അവസരങ്ങളെല്ലാം പുരോഹിതർക്ക് മിശിഹാനുഭവത്തിൽ വളരുവാനുള്ള അവസരങ്ങളാണ്. വിശ്വാസത്തോടും ഭക്തിയോടും ശ്രദ്ധയോടും കൂടി അവ പരികർമ്മം ചെയ്ത് മിശിഹാനുഭവത്തിൽ വളരുവാൻ ഓരോ പുരോഹിതനും ശ്രമിക്കണം.

**4. പുരോഹിതശുശ്രൂഷയും സഭാസമൂഹത്തോടുള്ള പ്രതിബദ്ധതയും**

"*മോചിതരായ അവർ സ്വസമൂഹത്തിലെത്തി പുരോഹിതപ്രമുഖന്മാരും ജനപ്രമാണികളും പറഞ്ഞ കാര്യങ്ങൾ അവരെ അറിയിച്ചു. അതുകേട്ടപ്പോൾ അവർ ഏകമനസ്സോടെ ഉച്ചത്തിൽ ദൈവത്തോടപേക്ഷിച്ചു: നാഥാ, ആകാശത്തിന്റെയും ഭൂമിയുടെയും സമുദ്രത്തിന്റെയും അവയിലുള്ള സകലത്തിന്റെയും സ്രഷ്ടാവേ, ... പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി ദൈവവചനം ധൈര്യപൂർവം പ്രസംഗിച്ചു*" (4,23-24.31).

മോചിതരായ പത്രോസും യോഹന്നാനും നേരെ പോയത് അവരുടെ സഭാസമൂഹത്തിലേയ്ക്കാണ്. അവർക്ക് പുരോഹിതപ്രമുഖ

ന്മാരിൽനിന്നും ജനപ്രമാണികളിൽ നിന്നുമുണ്ടായ അനുഭവങ്ങൾ അവരുമായി പങ്കുവച്ചു (4,23). യാക്കോബ്ശ്ലീഹായുടെ വധത്തെത്തുടർന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ട പത്രോസ് അത്ഭുതകരമായി അവിടെനിന്നു പുറത്തുവന്നപ്പോഴും ആദ്യം പോയത് പ്രാർത്ഥനയിൽ കഴിഞ്ഞിരുന്ന സഭാസമൂഹത്തിലേയ്ക്കാണ് (12,12). സഭാസമൂഹത്തോടുള്ള ശ്ലീഹന്മാരുടെ ഐക്യവും പ്രതിബദ്ധതയുമാണ് ഇവിടെ പ്രകടമാകുന്നത്. അധികാരികളിൽനിന്നുണ്ടായ തിക്താനുഭവം അവരുമായി പങ്കുവച്ചപ്പോൾ അവർ ഏകമനസ്സോടെ ഉച്ചത്തിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവർക്കു നേരിടേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങളിൽ വചനം പൂർണ്ണധൈര്യത്തോടെ പ്രസംഗിക്കാനുള്ള അനുഗ്രഹമാണ് അവർ പ്രാർത്ഥനയിൽ യാചിച്ചത് (4,30). പ്രാർത്ഥന കഴിഞ്ഞപ്പോൾ പന്തക്കുസ്താനുഭവത്തിന്റെ ഒരു നവീകരണാനുഭവമുണ്ടാകുകയും, അതിന്റെ ഫലമായി സഭയൊന്നായി വചനം ധൈര്യപൂർവം പ്രസംഗിക്കുകയും ചെയ്തു.

പുരോഹിതശുശ്രൂഷയിൽ സഭാസമൂഹത്തോടുണ്ടായിരിക്കേണ്ട പ്രതിബദ്ധതയെയാണ് ഈ സംഭവം പ്രത്യേകം എടുത്തുകാണിക്കുന്നത്. അജപാലനശുശ്രൂഷ ഫലപ്രദമാകണമെങ്കിൽ അജപാലകനും അജഗണങ്ങളും തമ്മിൽ കൂട്ടായ്മയിൽ വർത്തിക്കണം. എല്ലാം പരസ്പരം പങ്കുവയ്ക്കുന്ന സ്നേഹത്തിന്റേതായ പ്രതിബദ്ധത അജപാലകന് അജഗണങ്ങളോടും അജഗണങ്ങൾക്ക് അജപാലകനോടും ഉണ്ടാകണം. ജീവിതത്തിൽ പരസ്പരമുള്ള ഈ പ്രതിബദ്ധതയുണ്ടാകണമെങ്കിൽ പ്രാർത്ഥനയിൽ അത് വളർത്തിയെടുക്കണം. അജപാലകൻ അജഗണങ്ങളോടൊന്നിച്ച് പ്രാർത്ഥിക്കുവാൻ അവസരങ്ങൾ ഉണ്ടാക്കണം. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചുജീവിക്കും. ഇപ്രകാരം പ്രാർത്ഥനയിലും കൂട്ടായ്മയിലും സഭാസമൂഹത്തെ വളർത്തണമെങ്കിൽ അവരെ ശരിയായി പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. പ്രാർത്ഥനയുടെ കളരി സഭയുടെ ലിറ്റർജിയാണ്. അതുകൊണ്ട് പുരോഹിതൻ സഭയുടെ യാമപ്രാർത്ഥനകൾ കൃത്യനിഷ്ഠയോടെ ചൊല്ലുന്നവനും അതു ചൊല്ലുവാൻ ജനങ്ങളെ പഠിപ്പിക്കുന്നവനുമായിരിക്കണം. സഭയുടെ ലിറ്റർജിക്കൽ പ്രാർത്ഥനകൾ ശരിയായ ആഭിമുഖ്യമുള്ള പ്രാർത്ഥനകളായതുകൊണ്ട് അവയിൽ

പരിശീലിപ്പിക്കപ്പെട്ടാൽ സഭാസമൂഹം ദൈവത്തോടും അജപാലക നോടും പരസ്പരവും, കൂട്ടായ്മയിലും പ്രതിബദ്ധതയിലും വളരുന്ന ഒരു സമൂഹമായിത്തീരും.

**5. പുരോഹിതശുശ്രൂഷയും സഭാകൂട്ടായ്മയും**

*"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. ... അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. കാരണം, പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റു കിട്ടിയ തുക ശ്ലീഹന്മാരുടെ കാല്ക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു"* (4,32.34-35).

ആദിമസഭാസമൂഹത്തിന്റെ കൂട്ടായ്മാസ്വഭാവം വ്യക്തമാക്കുന്ന ഒരു ഭാഗമാണിത്. വീരോചിതമായ സാഹോദര്യജീവിതം നയിക്കുന്ന ഒരു സമൂഹമായിരുന്നു ആദിമസഭ. "ഒരു ഹൃദയവും ഒരാത്മാവും" എന്ന വിശേഷണമാണ് ആദിമസഭയ്ക്ക് നല്കിയിരിക്കുന്നത്. "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുള്ളതെല്ലാം പൊതുവായി കരുതുകയും ചെയ്തു" (2,44) എന്ന സ്ഥിതിവിശേഷമാണ് ഈ വിശേഷണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈശോയുടെ മാതൃകയിൽനിന്നുരുത്തിരിഞ്ഞ പരസ്പരസ്നേഹമായിരുന്നു ആദിമസഭാസമൂഹത്തിന്റെ മുഖമുദ്ര (യോഹ 13,34-35). ബാഹ്യമായ എന്തെങ്കിലും നിയമനിർമ്മാണത്തിന്റെ ഫലമായിട്ടുണ്ടായ ഒരു സ്ഥിതിവിശേഷമല്ലായിരുന്നു ഇത്. അഞ്ചാം അദ്ധ്യായത്തിൽ പത്രോസ്ശ്ലീഹാ അനനിയാസിനോടു പറയുന്ന വാക്കുകളിൽനിന്നും (5,3-4) ഇതു വ്യക്തമാകുന്നുണ്ട്. ഈശോയുടെ സ്നേഹം മാത്രമാണ് ഇപ്രകാരം എല്ലാം പങ്കുവയ്ക്കാൻ ആദിമക്രൈസ്തവരെ പ്രേരിപ്പിച്ചത്.

സഭാകൂട്ടായ്മ എന്നും ഇപ്രകാരം ഒരു കൂട്ടായ്മയായി കെട്ടിപ്പടുക്കപ്പെടണം എന്നതാണ് ഈശോയുടെ ആഗ്രഹം. എങ്കിൽമാത്രമേ സഭ മിശിഹായുടെ സ്നേഹത്തിനു സാക്ഷ്യം നല്കുന്ന ഒരു സമൂഹമായി ലോകത്തിൽ നിലകൊള്ളുകയുള്ളു. ഈശോ സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചപ്പോഴും ഇതു മാത്രമാണ് പ്രാർത്ഥിച്ചത്: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയി

രിക്കുന്നതിനും, അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21). ഇപ്രകാരം സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള ശുശ്രൂഷയാണ് പുരോഹിതശുശ്രൂഷ. പരസ്നേഹത്തിന്റെ കല്പനയെക്കുറിച്ചും ദാരിദ്ര്യചൈതന്യത്തിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള ബോധവൽക്കരണം സഭാസമൂഹത്തിനു നല്കണം. പൊതുവായ ആവശ്യങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി, അവ പരിഹരിക്കാൻ ആവശ്യകമായവ പങ്കുവയ്ക്കാൻ അവസരമൊരുക്കി സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കുവാൻ പുരോഹിതൻ നിരന്തരമായി ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. മിശിഹാശിഷ്യത്വത്തിലേക്കുള്ള വിളി രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണെന്ന ബോദ്ധ്യത്തോടെയാണോ ഞാൻ പൗരോഹിത്യത്തിലേക്കുള്ള എന്റെ വിളിക്ക് പ്രത്യുത്തരം നല്കുന്നത്?
2. ഉത്ഥിതനായ ഈശോയുമായി അരൂപിയിലുള്ള ഐക്യത്തിലാണോ എന്റെ പുരോഹിതശുശ്രൂഷയുടെ ആധികാരികത ഞാൻ കാണുന്നത്?
3. മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കുന്ന ഒരു ശൈലിയാണോ അജപാലനശുശ്രൂഷയിൽ എനിക്കുള്ളത്?
4. പ്രാർത്ഥനയിലും ശുശ്രൂഷയിലും ഞാൻ സഭാസമൂഹത്തോട് എത്രമാത്രം പ്രതിബദ്ധത പുലർത്തുന്നുണ്ട്?
5. ഒരു ഹൃദയവും ഒരാത്മാവുമുള്ള സമൂഹമായി ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# വാർത്തകൾ

## കാരുണ്യമുള്ളവരായിരിക്കുന്നതിൽ ഒരിക്കലും ക്ഷീണിതരാകരുത്

**പരമാചാര്യൻ പതിനാറുപേരെ വൈദികരായി അഭിഷേകം ചെയ്ത് നടത്തിയ പ്രസംഗം**

ഏറ്റവും പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പുത്രന്മാർ പൗരോഹിത്യത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. തിരുസഭയിൽ അവർ ഉയർത്തപ്പെടാൻ പോകുന്ന പദവിയെക്കുറിച്ച് നമുക്ക് ധ്യാനിക്കാം. പുതിയനിയമത്തിലെ മുഖ്യപുരോഹിതൻ കർത്താവായ യേശു തന്നെയാണ് എന്നത് വാസ്തവമാണെങ്കിലും ദൈവം തന്റെ ജനത്തെയാകെ രാജകീയ പുരോഹിതഗണമായി ഉയർത്തി. അതുപോലെ തന്നെ യേശുക്രിസ്തു തന്റെ ശിഷ്യരിൽ ചിലരെ, തന്റെ നാമത്തിൽ നരകുലത്തിനു മുഴുവനും വേണ്ടി തിരുസഭയിൽ പൊതുവായി പൗരോഹിത്യശുശ്രൂഷ ചെയ്യുന്നതിന്, ഗുരുവും പുരോഹിതനും ഇടയനും എന്ന നിലയിലുള്ള തന്റെ വ്യക്തിപരമായ ശുശ്രൂഷ തുടരുന്നതിന് തെരഞ്ഞെടുത്തു.

പിതാവ് ഇതിനായാണ് ലോകത്തിലേക്ക് അവിടുത്തെ അയച്ചത്. അവിടുന്നാകട്ടെ ശ്ലീഹന്മാരെയും ലോകത്തിലേക്ക് അയച്ചു. തുടർന്ന് മെത്രാന്മാരും അവരുടെ പിൻഗാമികളും ഉണ്ടായി. മെത്രാന്മാരുടെ സഹപ്രവർത്തകരാണ് വൈദികർ. അവരുടെ പൗരോഹിത്യശുശ്രൂഷയിൽ അവർ പങ്കാളിത്തം വഹിക്കുന്നു. ദൈവജനത്തെ ശുശ്രൂഷിക്കുവാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ സഹോദരന്മാർ വളരെ ഗൗരവത്തോടെ ഈ ചുവടുവയ്പ്പിനെ പരിഗണിച്ചിട്ടുണ്ട്. ഇപ്പോൾ പൗരോഹിത്യക്രമത്തിലേക്ക് അവർ അഭിഷേകം ചെയ്യപ്പെടുകയാണ്. തിരുസഭയാകുന്ന ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുന്നതിൽ, അവരെ ദൈവജനവും പരിശുദ്ധാത്മാവിന്റെ ആലയവും ആക്കി വളർത്തുന്നതിൽ, പുരോഹിതനും ഗുരുവും ഇടയനുമായ ക്രിസ്തുവിനെ അവർ ശുശ്രൂഷിക്കുന്നു.

പരമോന്നത നിത്യപുരോഹിതനായ ക്രിസ്തുവിനെപ്പോലെ ആകുവാനാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നത്. അഭിഷേകത്തിലൂടെ, അവർ പുതിയനിയമത്തിലെ യഥാർത്ഥ പുരോഹിതരായി മാറുന്നു. അതിലൂടെ തങ്ങളുടെ മെത്രാന്റെ പൗരോഹിത്യത്തിൽ പങ്കാളികളാവുകയും സുവിശേഷം പ്രഘോഷിക്കുന്നതിനും ദൈവജനത്തെ പരി

പാലിക്കുന്നതിനും ആരാധനക്രമങ്ങളിൽ, സർവോപരി കർത്താവിന്റെ ദിവ്യബലിയുടെ പരികർമ്മത്തിൽ കാർമ്മികത്വം വഹിക്കുകയും ചെയ്യുന്നു.

എന്റെ പ്രിയപ്പെട്ട മക്കളും സഹോദരന്മാരുമായവരേ, നിങ്ങൾ ഇപ്പോൾ പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുകയാണ്. മുഖ്യപുരോഹിതനായ ക്രിസ്തുവിന്റെ നാമത്തിൽ പഠിപ്പിക്കുന്നതിനുള്ള നിങ്ങളുടെ ഉത്തരവാദിത്തത്തിനായി നിങ്ങളുടെ ഊർജ്ജം മുഴുവൻ ഉപയോഗിക്കുക. നിങ്ങൾ ആനന്ദത്തോടെ സ്വീകരിച്ച ദൈവവചനം എല്ലാ മനുഷ്യരോടും പങ്കുവയ്ക്കുക. കർത്താവിന്റെ തിരുവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുക. നിങ്ങൾ വായിക്കുന്നത് വിശ്വസിക്കുക. നിങ്ങൾ വിശ്വസിക്കുന്നത് പഠിപ്പിക്കുക. നിങ്ങൾ പഠിപ്പിക്കുന്നത് ജീവിതത്തിൽ പ്രാവർത്തികമാക്കുക.

നിങ്ങൾ പഠിപ്പിക്കുന്ന പ്രബോധനങ്ങൾ ദൈവജനത്തിന് ഉന്മേഷം പകരട്ടെ. നിങ്ങളുടെ ജീവിതമാതൃക ക്രിസ്തുവിന്റെ അനുയായികളെ ആകർഷിക്കട്ടെ.

## കൊറിയയിലെ സർവ്വജനങ്ങൾക്കും സമാധാനം

ഏപ്രിൽ 27 ന് പാൻമുൻജോമിൽവച്ച് ഉത്തര, ദക്ഷിണ കൊറിയകൾ തമ്മിൽ നടക്കുന്ന ഉന്നതതല സമ്മേളനത്തെ മുന്നിൽകണ്ട്, മാർപാപ്പ കൊറിയൻ ഉപദ്വീപിലും ലോകം മുഴുവനിലും സമാധാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി, “സുതാര്യമായ ഒരു സംവാദവും, അനുരഞ്ജനത്തിന്റെയും വീണ്ടെടുക്കപ്പെടുന്ന സാഹോദര്യത്തിന്റെയും ഒരു നല്ല തുടക്കമാകട്ടെ അതെന്ന്” ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചു. ഏപ്രിൽ 25 ബുധനാഴ്ച, ‘വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ ചത്വരത്തിൽവച്ചുള്ള പൊതുദർശനവേളയിലാണ് അദ്ദേഹം ഈ ആഹ്വാനം നടത്തിയത്. ജ്ഞാന സ്നാനത്തെക്കുറിച്ചുള്ള പ്രബോധനത്തിനുശേഷമാണ് പരമാചാര്യൻ കൊറിയൻ ജനതയുടെ പേരിൽ പ്രസ്തുത ആഹ്വാനം നടത്തിയത്. സമാധാനത്തിന്റെ ശില്പികളായിത്തീർന്നുകൊണ്ട്, പ്രത്യാശയുടെ ധൈര്യം ഉള്ളവരാകാൻ ഉത്തരവാദപ്പെട്ട രാഷ്ട്രീയ അധികാരികളോട് അദ്ദേഹം അഭ്യർത്ഥിച്ചു.